# Lourde Voice

## ലൂർദ്ദ് വോയ്സ്

MARCH - APRIL 2022



# LOURDES FORANE CHURCH

GANDHIPURAM, COIMBATORE

www.lourdesforane.com

www. lourdematrimonial.com





Commercial Wet Grinder
Available in 3 to 20 Liters



Conventional
Tilting Grinder



Commercial Coconut Scrapper






Commercial Tilting Grinder
Available in 5 to 25 Liters



Commercial Atta Kneader

**BEETEX® INDUSTRIES**

808, V.K.K. Menon Road, New Sidhapudur,
Coimbatore - 641 044. Ph : 0422 - 2520279, 4387279,
E-mail : beetexgrinderscbe@yahoo.com
Website : www.beetexgrinders.com



# ലൂർദ്ദ് വോയ്സ്

## ഗാന്ധിപുരം, കോയമ്പത്തൂർ

WWW.LOURDESFORANE.COM


പുസ്തകം 5 | മാർച്ച് – ഏപ്രിൽ 2022 | ലക്കം 2


കുർബ്ബാനസമയം:
തിങ്കൾ മുതൽ ശനി വരെ
രാവിലെ 6.15നും വൈകിട്ട്
6.00നും

ലൂർദ്ദ്വോയ്സ് പാരിഷ് ബുള്ളറ്റിൻ,
lourdevoicegandhipuram@gmail.com

കുർബ്ബാനസമയം
ഞായർ രാവിലെ 6.15, 8.15.,
10.30,
വൈകിട്ട് 5.30


Chief Editor:
Fr. Thomas Kavungal
Ph: 9443937675
Sub- Editor:
Fr. Chacko Vadakkethalackal MCBS
Ph: 8281773551
Editorial board:
Mrs. Deepa Biju
Mrs. Tina Felix,
Mrs. Ajimol Antony
Mrs. Baby Davis
Sr. Maria Celine
Mr. Poulose
Mr. P. J. James
Mrs. Beena Mathew
Mrs. Deepa Anand
Printing and Publishing:
Mr. Felix P. S.
Mr. Joffy C. J.
Kaikkars
Mr. C.G. Antony
Mr. Shaju Edakalathur
Advertisement:
Mr. A. R. Jose
9894031020
Mr. Sijo Jose
9944551415
Secretary:
Sr. Therese John
PRO:
Mr. James M. A.
Ph: 9843316164



എഡിറ്റോറിയൽ

ഇടയമൊഴി

It's not Goodbye, It's See You Later

ഇടവക വാർത്തകൾ

സംഘടനാവാർത്തകൾ


ഓർമ്മിക്കേണ്ട ദിവസങ്ങൾ

സഭാവാർത്തകൾ

Catechism News

Kids Corner

Marian Knowledge



ശ്രീമതി ദീപാ ബിജു

## എഡിറ്റോറിയൽ

# നിദ്ര വിട്ട് ഉണരുക

ക്രിസ്തുവിനും ക്രിസ്ത്യാനിക്കുമെതിരായി വളരെയധികം തെറ്റായ പ്രചരണങ്ങളുമായി ചില സമുദായങ്ങൾ രംഗപ്രവേശം ചെയ്തിരിക്കുന്ന ഈ കാലഘട്ടത്തിൽ അവയുടെ സത്യാവസ്ഥകൾ നമ്മൾ അറിഞ്ഞിരിക്കേണ്ടതും അവയ്ക്കെതിരെ ആത്മീയ ഉണർവ്വ് നേടേണ്ടതും അത്യാവശ്യമാണ്.

അതിൽ ഒന്നാമത്തേത്; യേശുക്രിസ്തു ദൈവമല്ല എന്ന് സ്ഥാപിച്ചെടുക്കലാണ്. ദൈവം ലോകത്തെ രക്ഷിക്കാൻ ധാരാളം പ്രവാചകന്മാരെ അയച്ചിട്ടുണ്ട്. അത്തരത്തിൽ ഒരു പ്രവാചകൻ മാത്രമാണ് യേശു എന്ന് ചില മതപണ്ഡിതന്മാർ പഠിപ്പിക്കുന്നു. എന്നാൽ വി. ബൈബിളിൽ ദൈവത്തോട് മോശ അവിടുത്തെ പേരെന്താണെന്ന് ചോദിക്കുമ്പോൾ ദൈവം മോശയോട് അരുളിചെയ്തത് ഇപ്രകാരമാണ്: "ഞാൻ ഞാൻ തന്നെയാണ്" (പുറ 3:14) എന്ന്. ഇതേവാക്യം യേശുക്രിസ്തു താനാരാണെന്ന് യഹൂദരോട് പറയുമ്പോൾ ഉപയോഗിക്കുന്നത് യോഹന്നാൻ 8:24- ൽ കാണാം. "ഞാൻ ഞാൻ തന്നെ എന്നു വിശ്വാസിക്കുന്നില്ലെങ്കിൽ നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും". "ഞാനും പിതാവും ഒന്നാണ്". (യോഹ 10:30) തുടങ്ങിയ അനേകം വചനങ്ങളിലൂടെ യേശു ദൈവപുത്രനാണെന്ന് വിശുദ്ധഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു.

മറ്റൊന്ന് ഹലാൽഭക്ഷണം. നമ്മൾ യാത്രചെയ്യുന്നു അവസരങ്ങളിൽ പലഹോട്ടലുകളുടെയും മുമ്പിൽ 'ഹലാൽ ഹോട്ടൽ' എന്നോ 'ഹലാൽ ഭക്ഷണം' എന്നോ ബോർഡ് വച്ചിരിക്കുന്നത് നമ്മുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകുമല്ലോ.

ഹലാൽ ഭക്ഷണം ക്രിസ്ത്യാനിക്ക് അശുദ്ധവും തിന്മയുമാണ്. അതിന് ഒന്നാമത്തെ കാരണം യാഹ്വെ ദൈവമല്ല എന്ന് ഇക്കൂട്ടർ പറയുന്നതുകൊണ്ടാണ്. ഈ ഭക്ഷണം കഴിക്കുമ്പോൾ നിങ്ങൾ നിഷേധിക്കുന്നത് ഏക സത്യദൈവമായ യാഹ്വെയെയാണ്. രണ്ടാമത്തെ അശുദ്ധിയുടെ കാര്യം മറ്റുള്ളവരുടെ ഉഛിഷ്ടം ഭക്ഷിക്കാനുള്ളവനല്ല ക്രിസ്ത്യാനി എന്നതാണ്. അതായത്

മറ്റുമതസ്ഥരുടെ വീട്ടിൽ പോയി ഭക്ഷണം കഴിക്കുന്നത് തെറ്റാണെന്നല്ല; ഹലാൽ അനുസരിച്ചുണ്ടാക്കിയ മതഭക്ഷണം കഴിക്കരുത് എന്നാണ് അർത്ഥമാക്കുന്നത്. ശരിയാണ് യേശുക്രിസ്തു തുപ്പിയിട്ടുണ്ട്, എന്നാൽ യേശുക്രിസ്തു ആരുടെയും ഭക്ഷണത്തിൽ തുപ്പിയിട്ടില്ല. യേശുക്രിസ്തു തുപ്പൽ ഉപയോഗിച്ച്ത് രോഗസൗഖ്യത്തിന്റെ ഭാഗമായിട്ടാണ്. തുപ്പലിന് രോഗനിർമ്മാർജ്ജന ശക്തിയുണ്ട്.

വേറൊന്ന് 'ലൗ ജിഹാദ്' വിവാദം. തീവ്രവാദബന്ധമുള്ള ഒരു വിഭാഗം യുവാക്കൾ ക്രൈസ്തവ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളെയും പ്രണയം നടിച്ച് മതംമാറ്റി അഫ്ഗാനിസ്ഥാൻ, സിറിയ, യമൻ തുടങ്ങിയ അന്യാദേശത്തേക്ക് സംഘടിത തീവ്രവാദപ്രവർത്തനങ്ങൾക്കായി കൊണ്ടുപോകുന്നതിനെയാണ് 'ലൗജിഹാദ്' എന്ന് വിളിക്കുന്നത്. ഇതരമതങ്ങളിൽപ്പെട്ട സ്ത്രീകളിൽനിന്നും കുട്ടികളെ ജനിപ്പിക്കുക, ചെറിയ പ്രായം മുതൽ തന്നെ ജിഹാദിനുവേണ്ടി അവരെ പരുവപ്പെടുത്തിയെടുക്കുക എന്നതും ലൗജിഹാദിന്റെ ചില നിഗൂഢ ലക്ഷ്യമാണ്. ഇതിനുപിന്നിൽ സമുദായത്തിലെ ചില തീവ്രവാദികളാണ് എന്നതും വിസ്മരിക്കാനാവില്ല.

ക്രിസ്ത്യൻ മിശ്രവിവാഹത്തെ ചിലർ പ്രോത്സാഹിപ്പിക്കുന്നു. വി. ബൈബിളിൽ തോബിത്ത് 4:12–ൽ ഇപ്രകാരം കാണാം: "നിന്റെ പൂർവ്വീകരുടെ ഗോത്രത്തിൽനിന്നുമാത്രം ഭാര്യയെ സ്വീകരിക്കുക. അന്യജനതകളിൽനിന്ന് വിവാഹം ചെയ്യരുത്. മകനേ, നമ്മുടെ പൂർവ്വപിതാക്കന്മാരായ നോഹ, അബ്രഹാം, ഇസഹാക്ക്, യാക്കോബ് എന്നിവരെല്ലാം തങ്ങളുടെ ചാർച്ചക്കാരുടെ ഇടയിൽനിന്ന് ഭാര്യമാരെ തിരഞ്ഞെടുത്തത് എന്ന കാര്യം നീ അനുസ്മരിക്കണം. സന്താനങ്ങൾ വഴി അവർ അനുഗ്രഹീതരായി". പഴയനിയമത്തിലെ സോളമന്റെ ജീവിതം പരിശോധിച്ചാൽ അദ്ദേഹം ചോദിച്ചതിലുമധികം എല്ലാ നല്കി ദൈവം അയാളെ അനുഗ്രഹിച്ചു കൊണ്ടേയിരുന്നു. എന്നാൽ 1 രാജ 11:1 മുതലുള്ള വാക്യങ്ങളിൽ സോളമന്റെ അധഃപതനം നാം കാണുന്നു. എന്തായിരുന്നു കാരണം? മിശ്രവിവാഹംതന്നെ: ബൈബിളിനു പുറമെ തിരുസഭയുടെ കല്പനകളിലും മിശ്രവിവാഹം അനുവദനീയമല്ല' എന്ന് സഭ പഠിപ്പിക്കുന്നു. ക്രിസ്ത്യാനി ഒരു ഉടമ്പടി പൈതലാണ്. പങ്കാളിയുടെ ജോലിയും പണവും സ്വഭാവും ആരോഗ്യവും മാത്രം നോക്കിയാൽ പോരാ യേശുക്രിസ്തുവുമായുള്ള ബന്ധം നാം ഓർക്കണം. ദൈവവുമായുള്ള ഉടമ്പടിയെ ലംഘിക്കതക്ക യാതൊരു പ്രവൃത്തിയും നമ്മുടെ ഭാഗത്തു നിന്നും ഉണ്ടാകരുത്.



## ഇടയമൊഴി

# നഷ്ടപ്പെടുക എന്നാൽ....

ഫാ. തോമസ് കാവുങ്കൽ
വികാരി

ഇതാ, വീണ്ടും ഒരു നോമ്പുകാലം നമ്മെത്തേടി വന്നിരിക്കുന്നു. ഈ നോമ്പുകാലത്ത് നമ്മിൽനിന്ന് നഷ്ടപ്പെട്ടതിനെ തിരിച്ചു പിടിക്കാൻ നമുക്ക് പരിശ്രമിക്കാം.

നഷ്ടപ്പെടുക എന്ന യാഥാർത്ഥ്യത്തെ വിശദീകരിക്കാൻ യേശു പല ഉപമകളും പറയുന്നുണ്ട്. വി. ലൂക്കായുടെ സുവിശേഷം 15-ാം അധ്യായത്തിൽ പ്രസ്തുത ഉപമകൾ നാം കാണുന്നു. ഓരോ ഉപമയിലും നഷ്ടപ്പെടുന്നതിനു മുൻപ് എവിടെയായിരുന്നു എന്ന് യേശു വ്യക്തമാക്കുന്നുണ്ട്. ഉദ: “നൂറ് ആടുകൾ ഉണ്ടായിരിക്കേ”, “പത്തു നാണയങ്ങൾ ഉണ്ടായിരിക്കേ”, “ഒരു മനുഷ്യന് രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു.”

നഷ്ടപ്പെടുന്നതിനു മുൻപ് ആ ആട് നൂറിന്റെ കൂട്ടത്തിലായിരുന്നു. കളഞ്ഞുപോകുന്നതിനു മുൻപ് നാണയം പത്തിന്റെ ഗണത്തിലായിരുന്നു. പുത്രൻ ധൂർത്തനാകുന്നതിനുമുൻപ് കുടുംബത്തിന്റെ കൂട്ടായ്മയിലായിരുന്നു. എന്നാൽ,

“കൂട്ടം വിട്ടപ്പോൾ ആട് നഷ്ടപ്പെട്ടതായി”

“ഗണം വിട്ട നാണയം കളഞ്ഞുപോയി”

“കുടുംബം വിട്ട മകൻ ധൂർത്തനായി”.

കൂട്ടം വിട്ട്, ഗണം വിട്ട്, കുടുംബ വിട്ട്, സുഖേച്ഛകളുടെയും സ്വാർത്ഥ താല്പര്യങ്ങളുടെയും പുറകേ പോകുന്നവരാണ് നഷ്ടപ്പെട്ടവരാവുക.

നഷ്ടപ്പെടലിന്റെ വിപരീതമായ രക്ഷപ്പെടലിന്റെ അനുഭവം സാധ്യമാകുന്നത് ഒരുവൻ സമൂഹത്തിലേക്ക്, ഗണത്തിലേക്ക്, കുടുംബത്തിലേക്ക് പുനഃപ്രതിഷ്ഠിക്കപ്പെടുമ്പോഴാണ്. കണ്ടെത്തപ്പെട്ട ആട് തൊണ്ണൂറ്റിയൊൻപതിനോടും അടിച്ചുവാരി തിരിച്ചെടുത്ത നാണയം പത്തിന്റെ ഗണത്തോടും ചേർക്കപ്പെട്ടു. തിരിച്ചുവന്ന ധൂർത്തപുത്രൻ കുടുംബത്തിന്റെ കൂട്ടായ്മയിൽ ആനന്ദം കണ്ടെത്തി. സക്കേവൂസിന്റെ കഥയിലും ഈ കൂട്ടായ്മയിലേക്ക് തിരിച്ചുവരവിന്റെ

കാര്യം ഈശോ സൂചിപ്പിക്കുന്നുണ്ട്. എന്നാൽ, നീതിനിഷ്ഠമായ പ്രവർത്തിയിലൂടെ അവൻ സമൂഹവുമായി അനുരഞ്ജനപ്പെടുന്നു. ആയിരിക്കേണ്ടിടത്ത് ഇല്ലാതിരിക്കുകയാണല്ലോ നഷ്ടപ്പെടൽ. നഷ്ടപ്പെട്ടതിനെ പുനഃപ്രതിഷ്ഠിക്കുന്നതാണ് രക്ഷയുടെ അനുഭവം. നോമ്പുകാലം നഷ്ടപ്പെട്ടതിനെ കണ്ടുപിടിക്കാനും ചേർത്തുനിർത്താനുമുള്ള കാലമാണ്.

നഷ്ടപ്പെടുക എന്നത് നല്ലകാര്യമല്ലെങ്കിലും വീണ്ടും കണ്ടെത്താനുള്ള സാധ്യതയുണ്ട്. സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും തീവ്രമായ അനുഭവം സ്വർഗ്ഗത്തിൽ ഉളവാകുന്നു.

ആകുലതയോടെ തേടാൻ ആടിന് ഒരിടയനുണ്ടായിരുന്നു. ആകാംക്ഷയോടെ അടിച്ചുവാരി അന്വേഷിക്കാൻ നാണയത്തിന് ഒരുടമയും വഴിക്കണ്ണുമായി, വലിയ കരുണ കരളിൽ സൂക്ഷിച്ചുകൊണ്ട് കാത്തിരിക്കുന്ന ഒരു പിതാവുമുണ്ടായിരുന്നു എന്നതായിരുന്നു നഷ്ടപ്പെട്ട അവരുടെ ഭാഗ്യം. അങ്ങനെ ആരുമില്ലാത്തവരോ?

വീണ്ടെടുപ്പിന് സാധ്യതയില്ലാത്ത തിരിച്ചെടുക്കാനാവാത്ത വീണ്ടും കണ്ടെത്താൻ കഴിയാത്ത നഷ്ടപ്പെടലുകളുണ്ടോ? അതിനെ നഷ്ടപ്പെടൽ എന്നല്ല, 'നാശം', 'നിത്യശിക്ഷ' (മത്താ 25:45) 'നരകം', 'ശാപം' (25:41) പുറത്തുള്ള അന്ധകാരം (8:12) എന്നൊക്കെയാണ് സുവിശേഷം വിശേഷിപ്പിക്കുക. അവിടെ കണ്ടെത്തലും വീണ്ടെടുക്കലും സാധ്യമല്ല എന്ന് വചനം മുന്നറിയിപ്പുനല്കുന്നു. തുറക്കാനാവാത്തവിധം വാതിൽ അടയ്ക്കപ്പെടുന്നു (ലൂക്കാ 13:25), തിരിച്ചെടുക്കാനാവാത്തവിധം പുറത്താക്കപ്പെടുന്നു (ലൂക്കാ 13:28). വീണ്ടെടുപ്പിന് പഴുതില്ലാത്ത 'നാശ'ത്തിന്റെ അവസ്ഥയുണ്ടെന്ന വചനത്തിന്റെ വെളിപ്പെടുത്തലുകൾ നമ്മെ നടുക്കുന്നു.

നോമ്പുകാലം നമുക്ക് ആത്മശോധനയുടെയും വീണ്ടെടുപ്പിന്റെയും കാലമാകട്ടെ... ആത്മീയകാര്യങ്ങളിൽ നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ  അനുദിന വി. കുർബാന, കുരിശിന്റെ വഴി, വചനവായന, ജപമാല, കുടുംബപ്രാർത്ഥന ധ്യാനം, നന്മപ്രവർത്തികൾ, തീർത്ഥാടനം, ത്യാഗപ്രവർത്തികൾ എന്നിവയിലൂടെ ആ നഷ്ടം നമുക്ക് വീണ്ടെടുക്കാം. നഷ്ടപ്പെട്ട കുടുംബബന്ധങ്ങൾ, സുഹൃദ്ബന്ധങ്ങൾ, ആരോഗ്യം, സമ്പത്ത് എല്ലാം വീണ്ടെടുക്കാം. ഏവർക്കും നല്ല ഒരു നോമ്പുകാലം നേരുന്നു.



**Fr. Jeevan Poruthur CMI**
Asst. Vicar

# IT'S NOT GOODBYE, IT'S SEE YOU LATER

"Remember the past with gratitude. Live the present with enthusiasm. Look forward to the future with confidence."

**St. John Paul II**

The secret of happiness is to live every moment in the life with a smiling face. It is not that much easy to receive everything with a smiling face, but we can......St. Gianna Beretta Molla once said life does not happen the way that we plan. I remember this clearly when our daughter Sarah, was born. I was really angry that God allowed her to be afflicted with a rare genetic condition that would require a lifetime of surgeries and specialists. But it was actually in God's goodness that He made Sarah the way she is. Everything happens in our life according to the will of God. But we should recognize the invisible hands of God in every moment of our life. Most often we are not able to understand this presence of God. Sometimes miracles will happen in our lives at time we do not expect. So be happy and wait for the time of God. Because we all are created in the image of God.

I would like to say a few words of gratitude to all because last year I got a good opportunity to work with you in the parish. It was a great year for me. A lot of sweet memories....good experiences, good friends.....thanks for your encouragement, love and concern.....May the Lord bless you all....let us pray each other.....

Thanking you all......

## ഇടവക വാർത്തകൾ

**ബഹു. ജീവൻ CMI അച്ചന് നന്ദി**

നമ്മുടെ ഇടവകയിൽ 2021-2022 വർഷക്കാലം വിവിധങ്ങളായ ശുശ്രൂഷ ചെയ്യുകയും എല്ലാവരോടും സ്നേഹത്തിന്റെ ഊഷ്മളബന്ധം നിലനിർത്തുകയും വി. കുർബാന, ആരാധന, വചനപ്രഘോഷണം എന്നിവയിലൂടെ അനേകം ആത്മാക്കളെ നേടുകയും, നേതൃത്വപാഠവും യുവജനങ്ങളുടെയും കുട്ടികളുടെ കൂട്ടുക്കാരനുമായി ഇടവകയിൽ നിറ സാന്നിദ്ധ്യവുമായിരുന്ന അച്ചൻ തന്റെ പുതിയ ശുശ്രൂഷാമേഖലയിലേക്ക് കടന്നുപോയി. (Preshitha Province (CMI) Coimbatore, Provincial Secretary, Chavara Matric HRS School Basar). തന്റെ പുതിയ ഉത്തരവാദിത്വങ്ങളിലും ശുശ്രൂഷാമേഖലയിലും അച്ചന് എല്ലാവിധ വിജയാശംസകളും നേരുന്നു. പരി. അമ്മ അച്ചനെ അനുഗ്രഹിക്കട്ടെ.

**റവ. ഫാ. ചാക്കോ വടക്കേത്തലക്കൽ MCBS ന് സ്വാഗതം**

നമ്മുടെ ഇടവകയിൽ ശുശ്രൂഷക്കായി കടന്നുവന്ന റവ. ഫാ. ചാക്കോ MCBS ന് ഇടവക ഫെബ്രുവരി 19-ാം തിയ്യതി ഊഷ്മളമായ സ്വാഗതം നല്കി. അച്ചന്റെ പൗരോഹിത്യശുശ്രൂഷ ഈ ഇടവകയ്ക്കും ദൈവജനത്തിനും ഈശോയെ കൂടുതൽ അറിയാൻ ഇടയാക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു, ആശംസിക്കുന്നു.

**ആത്മീയതയുടെയും ആരോഗ്യത്തിന്റെയും നോമ്പുകാലം**

നോമ്പിലൂടെ നമുക്ക് ആത്മീയ ഉണർവ്വുനേടാം; അനുദിനമുള്ള വി. കുർബാന, കുരിശിന്റെ വഴി, കുടുംബപ്രാർത്ഥന, വചനവായന, പരിഹാരങ്ങൾ, ത്യാഗങ്ങൾ രണ്ടാഴ്ചയിൽ ഒരിക്കൽ കുമ്പസാരം എന്നിവ വഴി നമുക്ക് ആത്മീയ വളർച്ച പ്രാപിക്കാം. ഒപ്പംതന്നെ ഇറച്ചി, മീൻ, മുട്ട, ഐസ്ക്രീം, പഞ്ചസാര, ഉപ്പിലിട്ടവ, പുളികൾ, മൈദകൾ, യീസ്റ്റ് ചേർത്ത് പുളിപ്പിച്ചവ, അച്ചാറുകൾ, ചെമ്മീൻ എന്നിവ ഒഴിവാക്കിയും ദിവസം രണ്ടു നേരംമാത്രം ഭക്ഷണം കഴിച്ചും, പഴങ്ങൾ, ധാന്യങ്ങൾ എന്നിവ കഴിച്ചും നമുക്ക് ആരോഗ്യം നേടാം. ഏവർക്കും നല്ല ഒരു നോമ്പുകാലം ആശംസിക്കുന്നു. ആഘോഷങ്ങൾക്ക് മുടക്കമായിരിക്കും.

**പങ്കുവയ്ക്കലിന്റെ ചെപ്പ്**

നോമ്പുക്കാലത്ത് പരിത്യാഗം ചെപ്പ് എല്ലാവരും സ്വീകരിക്കുകയും നോമ്പിന്റെ ത്യാഗം ഓരോ ദിവസവും അതിൽ നിക്ഷേപിക്കുകയും ചെയ്യുക. കടബാദ്ധ്യത വീട്ടാൻ ഇത് ഉപയോഗപ്രദമാകട്ടെ. യൂണിറ്റ് ഭാരവാഹികൾ ഇത് എല്ലാ ഭവനങ്ങളിലും എത്തിക്കുകയും ഓശാന ഞായർ ദിവസം

എല്ലാവരും ദൈവാലയത്തിൽ തിരിച്ചേല്പിക്കുകയും ചെയ്യുക.

**വി. യൗസേപ്പിതാവിന്റെ തിരുനാൾ**

മാർച്ച് 19-ാം തീയതി വി. യൗസേപ്പിതാവിന്റെ തിരുനാൾ ദിവസമാണല്ലോ. നമ്മുടെ ഇടവകയിൽ മാർച്ച് 20-ാം തീയതി ഞായറാഴ്ച തിരുനാൾ ആചരിക്കുന്നു. ഇടവകയിലെ പിതൃവേദിയുടെ നേതൃത്വത്തിൽ ഊട്ടുതിരുനാളായി മാർച്ച് 20-ാം തീയതി ഞായറാഴ്ച നടത്തപ്പെടുന്ന താണ്. എല്ലാവരും സഹകരിക്കുകയും വി. യൗസേപ്പിതാവിന്റെ അനുഗ്ര ഹം സ്വീകരിക്കുകയും ചെയ്യുക.

17.03.2022 വെള്ളി - രാവിലെ 6.15 ന് - പ്രസുദേന്തിവാഴ്ച, വി. കുർബാന, നൊവേന

18.03.2022 ശനി - രാവിലെ 6.15 ന് - നൊവേന, വി. കുർബാന

20.03.2022 ഞായർ - രാവിലെ 6.15 നും 8 മണിക്കും - വി. കുർബാന
9.00 ന് - കുരിശിന്റെ വഴി, പ്രദിക്ഷണം റാസകുർബാന,
ഊട്ട് വെഞ്ചിരിപ്പ്, യൗസേപ്പ് നാമധാരികളെ ആദരിക്കൽ.

തിരുനാൾ പ്രസുദേന്തി വാഴ്ച - Rs. 500/-

**വചനം എഴുതാം, പഠിക്കാം**

അമ്പതുനോമ്പ് തുടങ്ങുന്ന ദിവസം മുതൽ ദുഃഖവെള്ളിയാഴ്ചവരെ വചനം എഴുതി വചനം പഠിക്കാം. അപ്പ. പ്രവർത്തനങ്ങൾ 1 മുതൽ 28 വരെ അദ്ധ്യായങ്ങൾ എഴുതുകയും 25 വചനങ്ങൾ കാണാതെ പഠിക്കുകയും (അദ്ധ്യായം, വാക്യം) ചെയ്യണം. വചനം ആവർത്തിച്ചുപറയുകയും അതുവഴി തടസ്സം നീങ്ങിപോകാനും അഭിഷേകത്തിൽ നിറയാനും പരിശ്രമിക്കാം. അപ്പ. പ്രവർത്തനം 28 അദ്ധ്യായം എഴുതുകയും 25 വചനങ്ങൾ കാണാതെ പറയുകയും ചെയ്യുന്നവർക്ക് സമ്മാനങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

**അഭിനന്ദനങ്ങൾ, ആശംസകൾ**

Syro Malabar Mission Quiz

Mrs. Baby Davis രൂപതാതലത്തിൽ സീറോമലബാർ മിഷൻ ക്വിസ്സിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി. അഭിനന്ദനങ്ങൾ.

**നിത്യ ആരാധന കപ്പേള**

Covid മഹാമാരി നമ്മെ ഒരുപാട് അസ്വസ്ഥതപ്പെടുത്തുകയും ആത്മീയ ജീവിതത്തിൽനിന്ന് അകറ്റുകയും ചെയ്തു. നമ്മുടെ ഇടവകയികലുള്ള നിത്യ ആരാധന കപ്പേള ഫെബ്രുവരി മാസം വലിയ നോമ്പിന്റെ ആരംഭ ദിവസം മുതൽ തുറന്ന് പ്രവർത്തിക്കുന്നതാണ്. കുടുംബങ്ങളിൽനിന്ന് ഒരു വ്യക്തിയെങ്കിലും ഈ നോമ്പുകാലത്ത് ഒരു മണിക്കൂർ സമയം ഈശോയെ ആരാധിക്കാൻ വരണമെന്ന് ഓർമ്മപ്പെടുത്തുന്നു.

ദിവ്യകാരുണ്യനാഥൻ നമ്മെ ഓരോരുത്തരെയും അനുഗ്രഹിക്കട്ടെ.

**Logos Quiz**

ഈ വർഷം നടന്ന Logos Quiz ൽ ഇടവകാതലത്തിൽ സമ്മാനർഹരായവർ

Ist - Mrs. Thangamma Simon

IInd - Mrs. Deepa Biju

IIIrd - Mrs. Anna Sunny

മൂന്നുപേർക്കും ഇടവകയുടെ ആശംസകളും നന്ദിയും.

**ഈ ചെറിയവരിൽ ഒരുവനിൽ**

ഈ വർഷത്തെ ഇടവക തിരുനാൾ എല്ലാംകൊണ്ടും വ്യത്യസ്തമായിരുന്നു. ഇങ്ങനെ വ്യത്യസ്തമായ രീതിയിൽ നടത്താൻ നല്ലവനായ ദൈവവും പരി. അമ്മയും വി. സെബസ്ത്യാനോസും കൃപയും ധൈര്യവും നൽകി. ഇടവക തിരുനാളിന്റെ ഭാഗമായി ബാന്റ്സെറ്റും, വെടികെട്ടും ഒഴിവാക്കി അതിനുവേണ്ടി ചിലവഴിക്കേണ്ട തുകയും സുമനസ്സുകളുടെ അകമഴിഞ്ഞ സഹായവുംകൊണ്ട് 6 കാരുണ്യസ്ഥാപനങ്ങളെ സഹായിക്കാൻ സാധിച്ചു. കോവിഡിന്റെ പശ്ചാത്തലത്തിൽ സാമ്പത്തികമായി ഞെരുങ്ങുന്ന ഈ സ്ഥാപനങ്ങളെ സഹായിക്കുന്ന ഈ പദ്ധതി വിജയകരമാക്കിതീർത്ത എല്ലാ നല്ല മനസ്സുകൾക്കും നന്ദി. തിരുനാൾ വലിയ ഒരു സന്ദേശമായി.

**Poor Homes help for Feast day 6th Feb 2022**

| No | Items | Income | Expense |
|---|---|---|---|
| 1 | Poor Homes help fund collection 256* Rs. 500/- | 1,28,000.00 | |
| 2 | Mother Theresa Peace Home Tirupur 40*Rs. 500/- | | 20,000.00 |
| 3 | Snehalayam, Pollachi 50* Rs. 500/- | | 25,000.00 |
| 4 | Karunai Illam, Karmadi 60* Rs. 500/- | | 30,000.00 |
| 5 | Assi Snehalayam, Chavadi 40* Rs. 500/- | | 20,000.00 |
| 6 | Zion Illam Seivapuram, Karamadi 30* Rs. 500/- | | 15,000.00 |
| 7 | Karunai Illam, Koundenpalayam 30* Rs. 500/- | | 15,000.00 |
| 8 | House Construction Project, Palakkad | | 3000.00 |
| | **Total** | 1,28,000.00 | 1,28,000.00 |

**നോമ്പുകാല ഉത്സവം: *സൗമാ റബ***

**ഫെബ്രുവരി 28 – വിഭൂതി തിങ്കൾ**

ഈശോയുടെ നാൽപതുദിവസത്തെ ഉപവാസമാണ് വലിയ നോമ്പാചരണത്തിന്റെ അടിസ്ഥാനം: ഉപവാസവും പ്രാർത്ഥനയുംകൊണ്ട് സാത്താനെ പുറത്താക്കാനും പ്രലോഭനങ്ങളെ അതിജീവിക്കാനും

കഴിയുമെന്ന ഉറപ്പ് നോമ്പുകാലം നമുക്ക് തരുന്നു. വിഭൂതി തിങ്കളാഴ്ച കരികുറി വരച്ച് നമുക്ക് നോമ്പിലേക്ക് പ്രവേശക്കാം. രാവിലെ 5.40 –ന് കരുണകൊന്ത, 6 മണിക്ക് വി. കുർബാന; വൈകിട്ട് 5.45 – ന് കരുണകൊന്ത, കുരിശുവര, വി. കുർബാന. അന്നേദിനം കടമുള്ള ദിവസവും, ഉപവാസദിനവുമാണ്.

**നോമ്പുകാല ഞായറാഴ്ചകളിൽ**

രാവിലെ 5.50 ന് – കുരിശിന്റെ വഴി; 6.15 ന് – വി. കുർബാന

രാവിലെ 7.50 ന് – കുരിശിന്റെ വഴി; 8.15 ന് – വി. കുർബാന

രാവിലെ 10.00 ന് – കുരിശിന്റെ വഴി; 10.30 ന് – വി. കുർബാന

വൈകിട്ട് 5.10 ന് – കുരിശിന്റെ വഴി; 5.30 ന് – വി. കുർബാന

**നോമ്പുകാല വെള്ളിയാഴ്ചകളിൽ**

രാവിലെ 5.40 ന് കുരിശിന്റെ വഴി, തുടർന്ന് വി. കുർബാന. വൈകുന്നേരങ്ങളിൽ 5.45 ന് കരുണകൊന്ത 6 മണിക്ക് വി. കുർബാന. കുരിശിന്റെ വഴി (ആഘോഷമായി) നടത്തപ്പെടുന്നു.

**നോമ്പുകാല ധ്യാനം**

മാർച്ച് 03, 04, 05, 06 ദിവസങ്ങളിൽ നോമ്പുകാല ധ്യാനം നടത്തപ്പെടുന്നു. പോട്ട ധ്യാനകേന്ദ്ര ഡയറക്ടർ റവ. ഫാ. ബിജു കുന്നേൽ VC ധ്യാനം നടത്തുന്നതായിരിക്കും. ഏവരെയും ധ്യാനത്തിലേക്ക് ക്ഷണിക്കുന്നു. വ്യാഴം, വെള്ളി, ശനി ദിവസങ്ങളിൽ വൈകിട്ട് 5.30 മുതൽ 8.45 വരെയും ഞായറാഴ്ച രാവിലെ 7.45 മുതൽ 12.30 വരെയായിരിക്കും ധ്യാനം. കുടുംബനവീകരണ ആന്തരീകസൗഖ്യ ധ്യാനമായിരിക്കും. പ്രാർത്ഥിച്ച് അനുഗ്രഹം നേടാം.

**മാതൃവേദി കുരിശിന്റെ വഴി, പ്രാർത്ഥന വ്യാഴാഴ്ചകളിൽ**

ഇടവകയിലെ മാതൃവേദിയുടെ നേതൃത്വത്തിൽ നോമ്പുകാല വ്യാഴാഴ്ചകളിൽ കുരിശിന്റെ വഴിയും മദ്ധ്യസ്ഥ പ്രാർത്ഥനയും രാവിലെ 10.30 മുതൽ 12 മണിവരെ ഉണ്ടായിരിക്കുന്നതാണ്. ഇടവകയിലെ മുഴുവൻ അമ്മമാരും കുരിശിന്റെ വഴിയിലും മദ്ധ്യസ്ഥ പ്രാർത്ഥനയിലും പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കുക.

**നോമ്പുകാല തീർത്ഥാടനങ്ങൾ**

നോമ്പുകാലത്ത് തീർത്ഥാടനങ്ങൾ ആത്മീയ ജീവിതത്തിന്റെ ഉണർവിനു കാരണമാകും. മാതൃവേദിയുടെ നേതൃത്വത്തിൽ മാർച്ച് 17–ാം തീയതി 14 ദൈവാലയങ്ങൾ സന്ദർശനം നടത്തുന്നതാണ്. മാർച്ച് 25 –ാം തീയതി വെള്ളിയാഴ്ച അട്ടപ്പാടി സെഹിയോൻ സന്ദർശിക്കുന്നതാണ്. മലയാറ്റൂർ, വേളാംങ്കണ്ണി സന്ദർശനങ്ങൾ നടത്തുന്നത് ആത്മീയ

ഉണർവിനു കാരണമായിരിക്കും.

**ഞായറാഴ്ചകളിൽ യുവജനം (SMYM) കുരിശിന്റെ വഴി**

നോമ്പുകാലത്തെ ഞായറാഴ്ചകളിൽ രാവിലെ 7.45-ന് SMYM നേതൃത്വത്തിൽ കുരിശിന്റെ വഴി നടത്തപ്പെടുന്നു. ഇടവകയിലെ മുഴുവൻ യുവജനങ്ങളും 7.45-ന് നടത്തപ്പെടുന്ന കുരിശിന്റെ വഴിയിൽ പങ്കെടുക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**മംഗളവാർത്ത തിരുനാൾ**

മാർച്ച് 25-ാം തീയതി മംഗളവാർത്ത തിരുനാളാണല്ലോ. പരി. അമ്മയോടുചേർന്ന് കുഞ്ഞുങ്ങൾ ഇല്ലാത്ത ദമ്പതികൾക്കുവേണ്ടി അന്നേ ദിവസം നമുക്ക് പ്രാർത്ഥിക്കാം.

**കുരിശിൽ മരിച്ചവനേ; കുരിശാലേ**

പിതൃവേദിയുടെ നേതൃത്വത്തിൽ കുരിശിന്റെ വഴി എല്ലാ ബുധനാഴ്ചകളിലും നടത്തപ്പെടുന്നതാണ്. മാർച്ച് 3 (ബുധൻ) ഏപ്രിൽ 6 (ബുധൻ) ദിവസങ്ങളിൽ വൈകിട്ട് 8 മണി മുതൽ 9 വരെ മദ്ധ്യസ്ഥ പ്രാർത്ഥനയും ഉണ്ടായിരിക്കുന്നതാണ്.

**ഏപ്രിൽ 10 - ഓശാന ഞായർ**

ഈശോയുടെ ജറുസലേംപ്രവേശനം അനുസ്മരിക്കുന്ന ഓശാന ഞായർ ഏപ്രിൽ 10-ാം തീയതിയാണല്ലോ. ആഘോഷമായ കുരുത്തോല വെഞ്ചിരിപ്പും പ്രദിക്ഷണവും രാവിലെ 8.15 ന്റെ വി. കുർബാനയോടു കൂടിയായിരിക്കും. രാവിലെ 6.15 നും, 10.30 നും വൈകിട്ട് 5.30 നും പതിവുപോലെ വി. കുർബാനയും കുരുത്തോല വെഞ്ചിരിപ്പും ഉണ്ടായിരിക്കുന്നതാണ്. അന്നേദിവസം കുമ്പസാരദിവസവുമായിരിക്കും. എല്ലാവരും കുമ്പസരിച്ച് വലിയ ആഴ്ചയിലേക്ക് പ്രവേശിക്കുക.

**ഏപ്രിൽ 14 - പെസഹാവ്യാഴം - വൈദീകരെ ഓർക്കാം**

ഏപ്രിൽ 14-ാം തിയ്യതി പെസാവ്യാഴാഴ്ച രാവിലെ 6 മണിക്ക് വി. കുർബാനയും കാലുകഴുകൽ ശുശ്രൂഷയും തുടർന്ന് പരി. കുർബാനയുടെ ആരാധനയും (യൂണിറ്റ് സംഘടന അടിസ്ഥാനത്തിൽ) ഉണ്ടായിരിക്കുന്നതാണ്. ഈ വർഷം കാലുകഴുകൽ ശുശ്രൂഷ നടത്തുക 12 കുട്ടികളുടെതായിരിക്കും. വൈകിട്ട് 6 മണിക്ക് വി. കുർബാന ഉണ്ടായിരിക്കും. വൈദീകവിദ്യാർത്ഥികൾക്കുവേണ്ടിയുള്ള സമർപ്പണം.

**പീഡാനുഭവ വെള്ളി**

ഏപ്രിൽ 15-ന് ദുഃഖവെള്ളിയാഴ്ചയായി നാം ആചരിക്കുന്നു. അന്നേ ദിവസം ഉപവാസദിവസമായിരിക്കും. പീഡാനുഭവ തിരുകർമ്മങ്ങളിലും പരിഹാരപ്രദിക്ഷണത്തിലും നമുക്ക് ഭക്തിപൂർവ്വം പങ്കെടുക്കാം.

അതിലൂടെ ആത്മീയ അനുഗ്രഹം തേടാം. രാവിലെ 7 മണിക്ക് പീഡാനുഭവ തിരുക്കർമ്മങ്ങൾ ആരംഭിക്കുന്നു. പീഡാനുഭവ വായന, ഉച്ചഭക്ഷണം, വൈകിട്ട് 5 മണിക്ക് കുരിശിന്റെ വഴി, പീഡാനുഭവസന്ദേശം എന്നിവ ഉണ്ടായിരിക്കുന്നതാണ്.

**ഏപ്രിൽ 16 – വലിയശനി**

മാമ്മോദീസ വ്രതവാഗ്ദാനനവീകരണവും പുതുവെള്ളം വെഞ്ചിരിപ്പും ഉണ്ടായിരിക്കുന്നതാണ്. വെഞ്ചിരിച്ച വെള്ളം കൊണ്ടുപോകാൻ പാത്രങ്ങൾ കൊണ്ടുവരുമല്ലോ. രാവിലെ 6.15 ന് തിരുകർമ്മങ്ങളിൽ പങ്കെടുത്ത് നമുക്ക് അനുഗ്രഹം പ്രാപിക്കാം.

**ഉയിർപ്പുതിരുനാൾ**

മരണത്തിന്റേമേലുള്ള മിശിഹായുടെ ഉയിർപ്പിനെ അനുസ്മരിച്ചു കൊണ്ട് ഉയർപ്പുതിരുനാൾ നമുക്ക് ആചരിക്കാം. ശനിയാഴ്ച രാത്രി 10.30 നും രാവിലെ 6.30 നും 9 മണിക്കും വി. കുർബാന ഉണ്ടായിരിക്കുന്നതാണ്.

**ലാളിത്യത്തിന്റെയും എളിമയുടെയും ഇടവക തിരുനാൾ**

ഈ വർഷത്തെ ഇടവക തിരുനാൾ ലാളിത്യത്തിന്റെയും എളിമയുടെയും വേറിട്ട അനുഭവമായി. ബാന്റ്മേളമില്ലാതെയും ദീപ അലങ്കാരം, വെട്ടിക്കെട്ട് എന്നിവ വളരെ ലളിതമായും എന്നാൽ ആത്മീയതയിൽ ഒട്ടും കുറവില്ലാതെ, അനാഥലയങ്ങൾക്കു കൈത്താങ്ങ് നൽകുന്ന തിരുനാളായിരുന്നു ഈ വർഷം നടത്തപ്പെട്ടത്. തിരുനാൾ കൺവീനർ ശ്രീ. പോൾസൺ ചെറുവത്തൂർ, ജോയിന്റ് കൺവീനർ ശ്രീ. വിനു കുര്യൻ വടക്കേത്തൊട്ടിൽ, ദീപാലങ്കാര കൺവീനർ വർഗ്ഗീസ് എ.ജി., കരിമരുന്ന് കൺവീനർ തോമസ് പ്രഭു, സുനിൽ കെ.എസ്., അമ്പ് പന്തൽ കൺവീനർ ശ്രീ. എൻ. ആർ. ആന്റണി (പി.ആർ ഡേവിസ്, ഗ്രേസി ആന്റണി, എൽസി ജോൺസൺ, വിൻസെന്റ് വെള്ളാനിക്കാരൻ, ബേബി ഡേവിസ്) എന്നിവർക്കും തിരുനാൾ നോട്ടീസ് മാർട്ടിൻ എസ്. ദേവാലായ അലങ്കാരം സ്പോൺസർ കെ.എൽ. ജോണി, പ്രഭിൻ സി.എഫ്.

മാതൃവേദിയുടെ അമ്മമാർ സ്പോൺസർമാർ, അലങ്കാരത്തിനും നേർച്ചക്കും നേതൃത്വം കൊടുത്ത മാതൃവേദി അംഗങ്ങൾ, അരങ്ങ് ലൈറ്റ് ഡെക്കറേഷൻ നേതൃത്വം കൊടുത്ത SMYM ഗായകസംഘം, അൾത്താരസംഘം, കപ്യാർമാർ, യൂണിറ്റ് സംഘടന ഭാരവാഹികൾ, നൊവേന ഭവനങ്ങളിലും, തിരുനാൾ ഭവനങ്ങളിലും, മദ്ബ്ഹായും അൾത്താരയും ഒരുക്കിയ ബഹു. സിസ്റ്റേഴ്സ്, അഖണ്ഡജപമാല നേതൃത്വം കൊടുത്തവരും അതിന്റെ സ്പോൺസർ ഓൺലൈൻ നേതൃത്വം കൊടുത്ത തോമസ് പ്രഭു, ജിനോയ് ജെയിംസ് എന്നിവർക്കും പല രീതിയിൽ സാമ്പത്തികമായി, ശാരീരികവുമായി ആത്മീയമായി,

അദ്ധ്വാനിച്ചവർ, അനാഥാലങ്ങൾക്ക് കൈതാങ്ങായി മുന്നോട്ടുവന്നവർ, ബഹു. ഫാ. ജീവൻ പൊറത്തൂർ CMI, കൈക്കാരന്മാർ, ലൈറ്റ്, ഭക്ഷണം എന്നിവ ക്രമീകരിച്ചവരുടെ ഓരോ ദിവസത്തെയും തിരുനാൾ ദിവസത്തെ വി. ബലിക്ക് കാർമ്മികരായ വൈദീകർ അങ്ങനെ ഒരു കൂട്ടായ്മയുടെയും പങ്കുവെയ്ക്കലിന്റെയും ആഘോഷമായിരുന്നു തിരുനാൾ. ഏവരെയും പരി. അമ്മയും വി. സെബാസ്ത്യാനോസും അനുഗ്രഹിക്കട്ടെ.

**കൈകോർക്കാം കടം വീട്ടാം**

ദൈവാലയത്തിന്റെ കടബാദ്ധ്യത വീട്ടാൻ എല്ലാവരും കൈകോർക്കണെമെന്ന് ഓർമ്മപ്പെടുത്തുന്നു. എല്ലാവരും തങ്ങളാൽ കഴിയുന്ന കുറച്ച് കാശ് തരികയാണെങ്കിൽ കടം തന്നവർക്ക് തിരിച്ചുകൊടുക്കാൻ സാധിക്കും. അത് അവർക്ക് വലിയ ആശ്വാസമാകും. ഇതുവരെയും തുകയൊന്നും തരാത്തവർ വലിയ സ്നേഹത്തോടെ മുന്നോട്ടുവരണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**പ്രവേശക കൂദാശകൾ**

1. ഒല്ലൂർ സെന്റ് ആന്റണീസ് ഫൊറോന താടിക്കാരൻ വിൻസെന്റ് ഫ്രാൻസീസ്സ് + നീതിമരിയ മകൾ (SERAH MARIA VINCENT) സേറ മരിയ വിൻസെന്റ് ജനനം 06/11/2021, മാമ്മോദീസ, സ്ഥൈര്യലേപനം എന്നീ കൂദാശകൾ 26/01/2022 സ്വീകരിച്ചു.

2. രാമനാഥപുരം ഹോളി ട്രിനിറ്റി കത്തീഡ്രൽ ഇടവക കൈതാരത്ത് വിജോ + ലീന മകൾ സേറ, ആനി വിജോ (ZEHRA ANNE VIJO) ജനനം 17/10/2021, മാമ്മോദീസ സ്ഥൈര്യലേപനം എന്നീ കൂദാശകൾ 29/01/2022 സ്വീകരിച്ചു.

**വിവാഹിതരായി**

1. സെന്റ് പീറ്റർ യൂണിറ്റ് കാട്ടാശ്ശേരി, ജോണി+ ലില്ലി ജോണി മകൻ റോബിൻ ജോണിയും മുളവരിക്കൽ സെബാസ്റ്റ്യൻ+ പ്രിയ മകൾ ആര്യ സെബാസ്റ്റ്യനും 13/01/2022 വിവാഹിതരായി.

2. സെന്റ് ജോസഫ് യൂണിറ്റ് പാലത്തിങ്കൽ ബാബു+ ഫെമിനാ മകൻ സ്റ്റാലിൻ കോയമ്പത്തൂർ രൂപത രത്തിനപുരി സെന്റ് പോൾ ഇടവക ജോസഫ് + അൻബുറോസ് മകൾ ചാർളിൻ 11/02/2022 വിവാഹിതരായി.

**നിത്യതയിലേക്ക്**

സെന്റ് ജോർജ്ജ് യൂണിറ്റ് പൊൺമാണി ജോസ് (57) 21.01.2022 കർത്താവിൽ നിദ്ര പ്രാപിച്ചു. പരേതന്റെ ആത്മശാന്തിക്കുവേണ്ടിയും കുടുംബാംഗങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കാം.

**വിശ്വാസപരിശീലനം പൂർത്തിയായി**

ഈ വർഷത്തെ വിശ്വാസപരിശീലനം ഫെബ്രുവരി 20-ാം തിയ്യതി പൂർത്തിയായി. ഈ വർഷം ഓൺലൈനായും ഓഫ്‌ലൈനായും വിശ്വാസപരിശീലനം ഭംഗിയായി ക്രമീകരിച്ചു. ഈ വർഷം 20 കുട്ടികൾ XII-ാം ക്ലാസ്സ് വിശ്വാസപരിശീലനം പൂർത്തിയാക്കി. 20-ാം തിയ്യതി ഞായറാഴ്ച അവർക്കുവേണ്ടി Self - Awareness Programme ഉം യാത്രയപ്പ് സമ്മാനവും നൽകി ആദരിച്ചു. വിശ്വാസപരിശീലനം പൂർത്തിയായാലും അനുദിന വി. കുർബാന, ബൈബിൾ വായന, കുടുംബപ്രാർത്ഥന എന്നിവയിൽ മുടക്കം വരുത്തരുതെ എന്ന് ഓർമ്മപ്പെടുത്തുന്നു.

## Lourde Forane Church Charity Account
## December 2021 to March 2022

| No | Date | Name | Intension | Income | Expense |
|---|---|---|---|---|---|
| 1 | 19.12.21 | Balance | | 2046.00 | |
| 2 | 26.12.21 | George E.R | Poor Fund | 1200.00 | |
| 3 | 26.12.21 | C.L Jose | House Project | 1400.00 | |
| 4 | 31.12.21 | John Thomas | House Project | 3600.00 | |
| 5 | 31.12.21 | K.I Johny | House Project | 3200.00 | |
| 6 | 08.01.21 | Grass Medicine | House Project | | 3200.00 |
| 7 | 21.01.22 | House Project | House Project | | 5000.00 |
| 8 | 26.01.21 | Transport | House Project | | 500.00 |
| 9 | 26.01.21 | Lesley Joseph | House Project | 1600.00 | |
| 10 | 27.01.22 | Food Help | House Project | | 500.00 |
| 11 | 29.01.22 | Johny Lazer | House Project | 2000.00 | |
| 12 | 05.02.22 | House Loan | | | 1000.00 |
| 13 | 10.02.22 | Nercha Lourde Matha Feast | | 15046.00 | 14700.00 |
| | | | | | 346.00 |
| | 20.02.2022 | Final Total | | 15046.00 | 15046.00 |

# സംഘടനാവാർത്തകൾ

**മാതൃവേദി**

ഇടവക തിരുനാളിനോടനുബന്ധിച്ച് 4/2/2022 വെള്ളിയാഴ്ച 7 am to 5.30 pm വരെ നടന്ന അഖണ്ഡജപമാലക്ക് നേതൃത്വം നല്കിയ എല്ലാ അമ്മമാർക്കും നന്ദി അറിയിക്കുന്നു. എല്ലാവരുടെയും കുടുംബങ്ങളെ പരിശുദ്ധ അമ്മ അനുഗ്രഹിക്കട്ടെ.

**ദൈവാലയ അലങ്കാരം**

ഇടവക തിരുനാളിനോടോനുബന്ധിച്ച് ദൈവാലയം മനോഹരമാക്കുവാൻ പ്രത്യേകിച്ച് അൾത്താരയിലെ ക്രൂശിത രൂപത്തിന്റെ ചുറ്റിലുമുള്ള പൂക്കൾ അലങ്കാരവും പള്ളിയുടെ അകത്തും, പുറത്തുമുള്ള പൂക്കൾ അലങ്കാരങ്ങളും ചെയ്തു തരുവാൻ കടന്നുവന്ന എല്ലാ അമ്മാമാർക്കും ഹൃദയം നിറഞ്ഞ നന്ദിയും, സ്നേഹവും അറിയിക്കുന്നു. പൂക്കൾ അലങ്കരിക്കുവാൻ വന്ന എല്ലാവരെയും അവരുടെ കുടുംബങ്ങളെയും സർവ്വശക്തനായ ദൈവം അനുഗ്രഹിക്കട്ടെ.

അൾത്താരയിലെ ക്രൂശിതരൂപത്തിന്റെ ചുറ്റിലുമുള്ള പൂക്കളും പള്ളിക്ക് അകത്തും പുറത്തും അലങ്കരിക്കുവാനുള്ള പൂക്കളും സ്പോൺസർ ചെയ്ത എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

## Perunal Flowers Sponsors Names

| | | | |
|---|---|---|---|
| Rev. Fr. Thomas Kavungal | - 1 No | Mrs. Rosemol Polson | - 2 No |
| Mary Rani Convent | - 1 No | Mrs. Mary Jose | - 2 No |
| Mr. K.L Johny | Rs.10,000 | Mrs. Josephina Varghese | - 2 No |
| Mrs. Josephina Babu | - 7 No | Mrs. Rosily Antony | - 2 No |
| Mrs. Alpha Vincent | - 5 No | Mrs. Janitha Shiju | - 2 No |
| Mrs. Cathrine Romiyo | - 4 No | Mrs. Baby Davis | - 1 No |
| Mrs. Molly Joy | - 2 No | Mrs. Hema Varghese | - 1 No |

| | | | |
|---|---|---|---|
| Mrs. Philo Prabu | - 1 No | Mrs. Preethi James | - 1 No |
| Mrs. Rosy Raju | - 1 No | Mrs. Sheeja Binu | - 1 No |
| Mrs. Lily Ouseph | - 1 No | Mrs. Roy Joseph | - 1 No |
| Mrs. Bindhu Joshy | - 1 No | Mrs. Santha Williams | - 1 No |
| Mrs. Beena Mathew | - 1 No | Mrs. Roseland James | - 1 No |
| Mrs. Jessy Francis | - 1 No | Mrs. Sheena Jhonson | - 1 No |
| Mrs. Rinu Manish | - 1 No | Mrs. Sherly Varghese | - 1 No |
| Mrs. Shiju Sebastian | - 1 No | Mrs. Ajimol Antony | - 1 No |
| Mrs. Usha Babu | - 1 No | Mrs. Amolalbha Anto | - 1 No |
| Mrs. Jiji Wilson | - 1 No | Mr. P.J Francis | - 1 No |
| Mrs. Sancy Shaju | - 1 No | Mrs. Molly John | - 1 No |
| Mrs. Beena Yesudas | - 1 No | Mrs. Alphonsa Sany | - 1 No |
| Mrs. Annie Flawin | - 1 No | Mrs. Rosy Johnson | - 1 No |

**നന്ദിയുടെ കൂപ്പുകൈ**

ഇടവക തിരുനാളിന്റെ ഭാഗമായി മാതൃവേദിയുടെ നേതൃത്വത്തിൽ നേർച്ചയായി ഉണ്ണിയപ്പം കൊടുത്തു. എല്ലാ അമ്മമാരും നല്ല മനസ്സോടെ സഹകരിച്ചതിന്റെ ഭാഗമായി 4590 ഉണ്ണിയപ്പം നേർച്ചപന്തലിലേക്കു നൽകുവാൻ സാധിച്ചു. സഹകരിച്ച എല്ലാ അമ്മമാർക്കും നന്ദി പറയുന്നു. പരിശുദ്ധ അമ്മ എല്ലാവരെയും അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

**Perunal Nercha Unnippam Unit Wise List**

| | | | |
|---|---|---|---|
| Mary Rani Convent | - 50 | St. Mary's Unit | - 460 |
| St. Alphonsa Unit | - 390 | St. Paul Unit | - 410 |
| St. Antony Unit | - 310 | St. Peter Unit | - 425 |
| St. Francis Unit | - 355 | St. Sebastian Unit | - 400 |
| St. George Unit | - 300 | St. Thomas Unit | - 340 |

| | | | |
|---|---|---|---|
| St. John Mariya Vianny Unit | - 300 | St. Vincent De Paul Unit | - 450 |
| St. Joseph Unit | - 400 | | |

**മദ്ധ്യസ്ഥ പ്രാർത്ഥനയും കുരിശിന്റെ വഴിയും**

നോമ്പുകാലത്തെ വ്യാഴാഴ്ചകളിൽ 10.30 am മുതൽ 12 മണി വരെയുള്ള സമയത്ത് മദ്ധ്യസ്ഥപ്രാർത്ഥനയും, പള്ളി ചുറ്റിയുള്ള കുരിശിന്റെ വഴിയും ഉണ്ടായിരിക്കുന്നതാണ്. എല്ലാ അമ്മമാരും ത്യാഗപൂർവ്വം ഇതിൽ സംബന്ധിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**തീർത്ഥയാത്ര**

മാർച്ച് 17-ാം തിയ്യതി പാലക്കാട് മുതൽ മണ്ണാർക്കാട് വരെയുള്ള ഭാഗങ്ങളിലെ ദൈവാലയങ്ങൾ സന്ദർശിച്ച് കുരിശിന്റെ വഴി നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. പോകുവാൻ താൽപര്യമുള്ള എല്ലാ അമ്മമാരും തങ്ങളുടെ പേര് എക്സിക്യൂട്ടീവ് അംഗങ്ങളെയോ ഭാരവാഹികളെയോ അറിയിക്കേണ്ടതാണ്. ഓരാൾക്ക് 500/- രൂപ ആയിരിക്കും ചാർജ്ജ്.

**നന്ദിയുടെ നറുമലരുകൾ**

ഒരു വർഷക്കാലം മാതൃവേദിയുടെ എല്ലാ പ്രവർത്തനങ്ങളെയും പ്രോത്സാഹിപ്പിച്ച് നിർദ്ദേശങ്ങൾ നൽകിയ ബഹു. ജീവൻ പൊറത്തൂർ CMI അച്ചന് ഇടവകയിൽ നടന്ന യാത്രയപ്പ് മീറ്റിംഗിൽ വച്ച് മാതൃവേദി ഉപഹാരം നൽകി. ഒരു വർഷത്തെ നിസ്വാർത്ഥമായ സേവനത്തിന് നന്ദി പറയുന്നു. പുതിയ കർമ്മരംഗത്ത് എല്ലാവിധ നന്മകളും പ്രാർത്ഥനകളും നേരുന്നു.

**നിറമനസ്സോടെ സ്വാഗതം**

പുതിയ കൊച്ചച്ചനായ് നമ്മുടെ ഇടവകയിലേക്ക് കടന്നു വന്നിരിക്കുന്ന ബഹു. ചാക്കോച്ചൻ MCBS അച്ചന് മാതൃവേദിയുടെ ഹൃദ്യമായ സ്വാഗതം.

**അഭിനന്ദനങ്ങൾ**

* ലോഗോസ് ക്വിസ് മത്സരത്തിൽ 80 മാർക്ക് വാങ്ങി ശ്രീമതി. തങ്കമ്മ സൈമൺ ഇടവകയുടെ ഒന്നാം സ്ഥാനം കരസ്ഥമാക്കിയിരിക്കുന്നു. അഭിനന്ദനങ്ങൾ

* സീറോ മലബാർ മിഷൻ ക്വിസ് 2022, മത്സരത്തിൽ ശ്രീമതി ബേബി ഡേവിഡ് രൂപതതലത്തിൽ 2-ാം സ്ഥാനം നേടിയിരിക്കുന്നു. പ്രത്യേക അഭിനന്ദനങ്ങൾ.

# ഓർമ്മിക്കേണ്ട ദിവസങ്ങൾ

**മാർച്ച് 2022**

04 – ആദ്യവെള്ളി

18 – ജെറുസലെമിലെ വി. സിറിൾ

19 – വി. യൗസേപ്പിതാവിന്റെ മരണതിരുനാൾ

25 – മംഗളവാർത്ത തിരുനാൾ

**ഏപ്രിൽ 2022**

01 – ആദ്യവെള്ളി

10 – ഓശാന ഞായർ

14 – പെസഹ വ്യാഴം

15 – പീഡാനുഭവ വെള്ളി

16 – വലിയ ശനി

17 – നമ്മുടെ കർത്താവീശോമിശിഹായുടെ ഉയിർപ്പുതിരുനാൾ

18 – ദൈവവിളി വാരാചരണം

24 – പുതുഞായർ

വി. ഗീവർഗ്ഗീസ് – (സീറോ മലബാർ സഭ മേജർ ആർച്ചുബിഷപ്പ് ആഭിവന്ദ്യ മാർ ജോർജ്ജ് ആലഞ്ചേരി പിതാവിന്റെ നാമഹേതുക തിരുനാൾ)

25 – സുവിശേഷകനായ വി. മർക്കോസ്

ദൈവവിളിക്കുവേണ്ടിയുള്ള ലോക പ്രാർത്ഥനാദിനം

29 – സിയന്നായിലെ വി. കത്രീന



നമ്മുടെ മാതൃരൂപതയായ പാലക്കാട്
രൂപതയുടെ ഇടയനായി
25 വർഷക്കാലം നമ്മളെ നയിച്ച
**അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത്**
പിതാവിന് ഗാന്ധിപുരം ഇടവകയുടെ
നന്ദിയും പ്രാർത്ഥനാശംസകളും....


പാലക്കാട് രൂപതയുടെ മൂന്നാമത്തെ
ഇടയനായി ഏപ്രിൽ 23-ാം തീയതി
ഉയർത്തപ്പെടുന്ന
**മാർ പീറ്റർ കൊച്ചുപുരയ്ക്കൽ**
പിതാവിന് ഗാന്ധിപുരം ഇടവകയുടെ
പ്രാർത്ഥനാശംസകൾ....





കഴിഞ്ഞ ഒരുവർഷകാലം ഞങ്ങളിൽ ഒരാളായി,
ഞങ്ങളോടൊപ്പമായിരുന്ന ഞങ്ങളുടെ
കൊച്ചച്ചൻ
**ഫാ. ജീവൻ പൊറത്തൂർ CMI** ക്ക്
നന്ദിയും
പുതിയ ശുശ്രൂഷ മേഖലയിൽ
എല്ലാവിധഭാവുകങ്ങളും നേരുന്നു.

നമ്മുടെ ഇടവകയിൽ പുതിയ കൊച്ചച്ചനായി
കടന്നുവന്നിരിക്കുന്ന
**ഫാ. ചാക്കോ വടക്കേത്തലയ്ക്കൽ MCBS** ന്
ഗാന്ധിപുരം ഇടവകയിലേക്ക്
സ്വാഗതം....





ഏപ്രിൽ 24–ാം തിയ്യതി നാമഹേതുക
തിരുനാൾ ആഘോഷിക്കുന്ന
മേജർ ആർച്ച് ബിഷപ്പ്

## മാർ ജോർജ്ജ് ആലഞ്ചേരി

പിതാവിന് ഗാന്ധിപുരം ഇടവകയുടെ
പ്രാർത്ഥനാശംസകൾ

*His Beatitude*
MAR GEORGE CARDINAL ALENCHERRY
The Major Archbishop

**27th Feb**

## *Birthday Wishes to*

## Fr. Chacko Vadakkethalackal MCBS



**With love**
**Fr. Vicar, Sisters & Parishners**
**Lourdes Forane Church, Gandhipuram**

































INRI


























# 30th Wedding Anniversary

## Mr. Johnson K.V & Annamma Johnson

**Kannadiparambil house**
**St. Joseph unit Rathinapuri**

M.A.T. Prabhu
9362693565
9092226026[whatsapp]





# Delux Studio


(opp)St.Michael's .Hr.Sec.School)
Big bazaar street,Coimbatore-1

wedding photography
kids photography
Industrail photography
candid photography
wedding videography
kids videography
Industrail videography
candid videography




FRANCIS AUTO GARAGE
83, Balaji Nagar, New sidhapudhur, Coimbatore 641044
For more details
9443055455
9003355455
0422-2247007
Fast
Professional
Reliable
24 hs. Emergency Service
Our Service
Spare Parts
Tours & Travels
AC Repair
Battery Service
Mechanic repair
Customer
Safety
Quality
BELIEVE IN THE BEST


9003355455
8220888038
8220155088
0422-2333007
EXCEL BATTERY HOUSE
1144, Near Kannan Department, Sathy Main Road, Ganapathy
batteryhouse18@gmail.com
TWO WHEELER BATTERY
ONLINE UPS BATTERY
TRUCK BATTERY
UPS BATTERY
CAR BATTERY
BUS BATTERY
INVERTER
EXIDE
AMARON
LASTS LONG, REALLY LONG.
LUMINOUS
V-GUARD
The name you can trust
POWERZONE
BATTERIES, INVERTER & MORE
MICROTEK
DIGITAL INVERTER


For He will command his angels concerning
you to guard you in all your ways . Psalms 91:11
Happiest
1st Birthday
to our little princess
Joanna mol
Wishes by
Edwin chettan, Abel chettan,
Angel Cchechi and Andreya Chechi
1ST MARCH
2022




**100 FEET ROAD, COIMBATORE. PH: 0422- 2 491916**

shop at: josalukkasonline.com /josalukkasjewellery

**TAMIL NADU | MAHARASHTRA | TELANGANA | KARNATAKA | PUDUCHERRY | KERALA | ANDHRA**

# 23rd Death Anniversary



# Suseela Thomas

## W/o T. A. Thomas

**Thathrathil Ponmany House**

**(TAT & SONS)**

**Gandhipuram**

## 17.04.1999

**Born**
23.11.1942

**Death**
17.04.1999



# 4th Death Anniversary



**16.03.2021**

"ഞാൻ നിങ്ങളിൽ നിന്നു
അകന്നുപോയെങ്കിലും
എന്റെ സ്നേഹം എന്നും
നിങ്ങളോടുകൂടി
ഉായിരിക്കും.
സ്വർഗ്ഗരാജ്യത്തിൽ നാം
ഒരുമിക്കുന്നതുവരെ
നിങ്ങൾ എനിക്കുവേി
പ്രാർത്ഥിക്കണമെ."

## Mrs. Cicily Gomez

**Oliparambil House**
**Sanganur, Coimbatore- 27**

**Born : 23.08.1942** **Died : 16.03.2018**

*By Loving Oli parambil Family*

# 21st Anniversary



## A. Joseph

**Edakalathur House**
**Gandhipuram, Coimbatore**

**Born : 02.11.1928**
**Died : 20.04.2001**

*Those we love don't go away, they walk beside us every day.*
*Unseen, unheard, but always near; still loved, still missed and very near*

**Remembered by**
**Wife, Children, Grand Children & Great Grand Children**



# 6th Death Anniversary

"We believe that Jesus died and rose again, and so we believe that God will bring with Jesus those who have fallen asleep in him"
(1 Thessalonians 4:14)



## Mary Antony

**Porathur Pallikunnath**

**Born : 31.03.1930**
**Died : 09.03.2016**

*A Tribute of love from family members*



## N.A. Joseph
DOD :02.04.2008

## Selina Joseph
DOD : 18.04.2015

Njareakadan House

*A tribute of love from your loving children*

*"You are always loved and never forgotten. May your soul Rest in Peace". John 11:25*

*Away, but still with us!*







**P.K CHACKO**
06.01.2007

**MARIAMMA CHACKO**
01.03.2019

**P.C JOSEPH**
19.04.1985

**VADAKATHOTIL HOUSE**

*Tribute of Love from*

P.C James - Gracy James, P.C Thomas - Shaji Thomas,
P.C George - Sheeba George & Grand Childrens

Jose Cottage, 609, Six Corner - Tatabad, Coimbatore - 641012

---

# 37th Day Remembrance

**26.02.2022**





# MR. P.V JOSE

**Thathrathil Ponmani House**

**Born : 04.01.1965** **Died: 21.01.2022**

*" I have fought the good figth;*
*I have finished the race,*
*I have kept the faith" (2 Timothy 4:7)*

*Missing you everyday but moving forward with sweet memories of you....*

*Love You Pappa.....*

*Sorrowing Family*
Wife : Densi Jose
Daughter : Alfina Jose, Sherrina Jose
& Other Family & Relatives



# 9-ാം ചരമ വാർഷികം



## റോസിലി പൗലോസ്

### ചക്കാലക്കൽ

സെന്റ് പീറ്റേഴ്സ് യൂണിറ്റ്

ജനനം : 15.05.1947

മരണം : 19.04.2013

"ഞാൻ നന്നായി പൊരുതി; എന്റെ ഓട്ടം
പൂർത്തിയാക്കി; വിശ്വാസം കാത്തു.
എനിക്കായി നീതിയുടെ കിരീടം
ഒരുക്കിയിരിക്കുന്നു." (2 തിമോ.4:7-8)

ദുഃഖാർത്തരായ കുടുംബാംഗങ്ങൾ, ബന്ധുക്കൾ, സുഹൃത്തുക്കൾ



# 23rd Death Anniversary

We live in the precious memory of



## Mrs. L. Rajam Elizabeth

### Keetickal House


Born : 23.05.1946
Died : 21.02.1999

1 Thes. 4:14

Remembering in prayers forever
in our hearts,

**S. Antony & Raj & Family**


Tony Mathew. C
95435 39868
90807 04225
Flat
20%
Off
Specto Craft Opticians
Eye Testing Facility Available Here
108, (Opp) St. Michael's School,
Near Royal Theatre
Big Bizzar Street, Coimbatore - 641 001


BHAARATH
Lion D. JOHNSON., ITES (DIP)
Cell : 98430 - 18011
Shop : 95853 - 33778
BHAARATH ELECTRICAL INDUSTRY
78, New Scheme Road, P.N. Palayam,
Coimbatore - 641 037

JOSEPH STANISLAUS. J

Mobile : 94437 75050

# WATER PROOF CONSULTANT

TERRACE THERMAL INSULATION, ELEVATION TILES WATERPROOF
WATER TANKS LEAK PROOF, TERRACE WATER PROOF
INTERIOR PAINTS



48/641, 7th Street Extension, Gandhipuram, Coimbatore-12

---

**Shaju A George**
Director - Business Development
Mob: +91 9003364414

# ALERT SECURITY MART

179, N.G. Narayanasamy Road,
New Siddhapudur, Coimbatore - 641 044
Tamil Nadu, India., Ph: 0422 4383800

E-Mail: shaju@alertsecuritymart.com web: alertsecuritymart.com

Godrej | CP PLUS | alhua | HIKVISION | Ravel | DSC
SIEMENS | ERREKA | Honeywell

CCTV | BIO METRIC ATTENDANCE/ ACCESS CONTROL| FIRE / BURGLAR ALARM | HOME AUTOMATION

---

**Joseph CP**
**9363210497**



# SINI
## Photo & Videos

5/55, Vimal Nagar, Viswasapuram, cbe-35

---



JOSE V.T

# MANNA
## Catering
SERVICE
VEG & NON VEG

* PHOTOGRAPHY
* VIDEOGRAPHY
* LIGHTING
* STAGE BACKDROP
* SOUND SYSTEM



93632 49570

KUNIAMUTHUR,
COIMBATORE - 641 008

# സഭാ വാർത്തകൾ

1. അഞ്ചു പതിറ്റാണ്ടോളം ദിവ്യകാരുണ്യം മാത്രം ഭക്ഷിച്ച് ജീവിച്ച ഫ്രഞ്ച് മിസ്റ്റിക്ക്, മാർത്തേ റോബിൻ സഹസ്ഥാപകയായ 'ഫോഴേർസ് ഡി ചരിറ്റേ' എന്ന പ്രസ്ഥാനത്തിന്റെ മേൽനോട്ടത്തിനു വേണ്ടി പ്രത്യേക പ്രതിനിധിയെ വത്തിക്കാൻ നിയമിച്ചു. കർദ്ദിനാൾ ജിയൻ പിയറി റിച്ചാർഡിനാണ് പ്രത്യേക ചുമതല ലഭിച്ചിരിക്കുന്നത്.

എൻസെഫലൈറ്റിസ് ലെതർജിക്ക എന്ന രോഗത്തെ തുടർന്നു ഇരുപത്തിയൊന്നാം വയസ്സു മുതൽ കിടപ്പിലായ മാർത്തേ റോബിൻ 51 വർഷക്കാലം വിശുദ്ധകുർബാന മാത്രം ഭക്ഷണമാക്കിയാണ് ജീവിച്ചത്. 1981ൽ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട അവരെ 2014ൽ ധന്യപദവിയിലേക്ക് ഫ്രാൻസിസ് മാർപാപ്പ ഉയർത്തി.

2. ടെലിവിഷൻ ടോക്ക് ഷോയിൽ ആദ്യമായി ഫ്രാൻസിസ് മാർപാപ്പ പങ്കെടുത്തു. ഇറ്റാലിയൻ ടെലവിഷൻ നെറ്റ് വർക്കിന്റെ ചാനലായ ഞഅഹ 3 യിൽ 'കെ തെംപോ കെ ഫാ " ("ഇവല ലോു് രവല ളമ') എന്ന പരിപാടിയിലാണ് പാപ്പ പങ്കെടുത്തത്.ഏറ്റവും ജനപ്രിയ ടോക്ക് ഷോയാണ് ഇത്.

വ്യക്തിപരമായ സൗഹൃദങ്ങൾ, കുടിയേറ്റ പ്രശ്നങ്ങൾ തുടങ്ങിയവയെക്കുറിച്ച് സംസാരിച്ച പാപ്പാ സാമൂഹികരാഷ്ട്രീയ പ്രശ്നങ്ങളെക്കുറിച്ചുള്ള ചോദ്യങ്ങൾക്കും മറുപടി നൽകി.ഏകദേശം ഒരു മണിക്കൂർ നേരത്തോളം നീണ്ടതായിരുന്നു ടോക് ഷോ.

2. പൗരോഹിത്യം മുഖ്യ ചർച്ചാകേന്ദ്രമാക്കി 'ടുവേർഡ് എ ഫണ്ടമെന്റൽ തിയോളജി ഓഫ് പ്രീസ്റ്റ് ഹുഡ്' എന്ന് പേരിട്ടിരിക്കുന്ന സിമ്പോസിയം വത്തിക്കാനിൽ ഫെബ്രുവരി 17 മുതൽ 19 വരെ നടന്നു. പൗരോഹിത്യ വിളി, വൈദികരും, അൽമായരും തമ്മിൽ ഒരുമിച്ചുള്ള പ്രവർത്തനം, പൗരോഹിത്യ ബ്രഹ്മചര്യം തുടങ്ങിയ വിഷയങ്ങളിൽ ചർച്ചകൾ നടന്നു. മെത്രാൻമാരുടെ തിരുസംഘമാണ് സിംപോസിയത്തിന്റെ സംഘാടകർ.

മാമോദിസയിലൂടെ വിശ്വാസികൾക്ക് ലഭിക്കുന്ന പൗരോഹിത്യവും, കൈവെയ്പ്പ് വഴി വൈദികർക്ക് ലഭിക്കുന്ന പൗരോഹിത്യവും തമ്മിലുള്ള ബന്ധം എന്നിവയും സംവാദ വിഷയങ്ങളിൽ ഉൾപ്പെടുന്നു.

4. ഫ്രാൻസിസ് പാപ്പയുടെ മാൾട്ടാ സന്ദർശനം ഏപ്രിൽ 2-3 തീയതികളിൽ നടക്കുമെന്ന് വത്തിക്കാൻ. പരിശുദ്ധ സിംഹാസനത്തിൻറെ വാർത്താവിതരണ കാര്യാലയത്തിൻറെ, പ്രസ്സ് ഓഫീസിൻറെ മേധാവി മത്തേയൊ ബ്രൂണി പുറപ്പെടുവിച്ച ഒരു പ്രസ്താവനയിലൂടെയാണ് ഇക്കാര്യം അദ്ദേഹം അറിയിച്ചത്. ഫ്രാൻസീസ് പാപ്പായുടെ മുപ്പത്തിയാറാം വിദേശ അപ്പസ്തോലിക പര്യടനമായിരിക്കും ഇത്. യൂറോപ്പിൽ ഇറ്റലിക്കടുത്തുള്ള ഒരു കൊച്ച് ദ്വീപ് രാജ്യമാണ് മാൾട്ട. അടുത്ത കാലത്തായി മലയാളികൾ ഉൾപ്പെടെ ധാരാളം ഇന്ത്യക്കാർ ജോലിയ്ക്കായി ചേക്കേറുന്ന രാജ്യം കൂടിയാണ്.

5. വത്തിക്കാനിലെ വിവിധ തിരുസംഘങ്ങളിൽ സേവനം ചെയ്ത ഇറ്റാലിയൻ കർദ്ദിനാൾ ലുയീജി മജിസ്ട്രിസ് ദിവംഗതനായി. ആരാധനതിരുസംഘം, വിശുദ്ധരുടെ നാമകരണത്തിനായുള്ള തിരുസംഘം, ജനതകളുടെ സുവിശേഷവൽക്കരണത്തിനുള്ള തിരുസംഘം, വൈദികർക്കു വേണ്ടിയുള്ള തിരുസംഘം, പൊന്തിഫിക്കൽ കമ്മീഷൻ അടക്കം വിവിധ ഉന്നത സ്ഥാനങ്ങളിൽ അദ്ദേഹം സേവനം ചെയ്തിട്ടുണ്ട്. കർദ്ദിനാൾ ലുയീജി ദെ മജിസ്ത്രിസിൻറെ നിര്യാണത്തോടെ കർദ്ദിനാൾസംഘത്തിലെ അംഗസംഖ്യ 213 ആയി കുറഞ്ഞു. ഇവരിൽ 119 പേർക്ക് മാർപാപ്പയെ തിരഞ്ഞെടുക്കാൻ കോൺക്ലേവിൽ സമ്മതിദാനാവകാശമുണ്ട്. ശേഷിച്ച 94 പേർ 80 വയസ്സു കഴിഞ്ഞവരായതിനാൽ വോട്ടവകാശമില്ല.

6. ഈജിപ്തിലെ പരമോന്നത ഭരണഘടന നീതിപീഠത്തിന്റെ തലപ്പത്ത് ചരിത്രത്തിൽ ഇതാദ്യമായി ഒരു കോപ്റ്റിക് ക്രൈസ്തവൻ നിയമിതനായി. അറുപത്തിയഞ്ചുകാരനായ ജഡ്ജി ബൗലോസ് ഫാഹ്മിയാണ് ഈജിപ്ത് ഭരണഘടനാ നീതിപീഠത്തിന്റെ പുതിയ പ്രസിഡന്റായി ചുമതലയേറ്റത്. ആരോഗ്യപരമായ കാരണങ്ങളാൽ ജഡ്ജ്

മാരെയി അമർ രാജിവെച്ചതിനെ തുടർന്നാണ് ഫാഹ്മിയെ ഭരണഘടനാ നീതിപീഠത്തിന്റെ പുതിയ പ്രസിഡന്റായി നിയമിച്ചു കൊണ്ട് ഈജിപ്ത് പ്രസിഡന്റ് അബ്ദേൽ ഫത്താ അൽ സിസി ഉത്തരവിട്ടത്.

7. യു.എ.ഇയിലെ പുതിയ അപ്പസ്തോലിക കാര്യാലയം ഉദ്ഘാടനം ചെയ്തു. പരിശുദ്ധ സിംഹാസനവും യുണൈറ്റഡ് അറബ് എമിറേറ്റ്സും തമ്മിലുള്ള നയതന്ത്ര ബന്ധത്തിന്റെ കേന്ദ്രമായ പുതിയ അപ്പസ്തോലിക് ന്യൂൺഷ്യേച്ചർ ഉദ്ഘാടനം ചെയ്തു. അബുദാബി സെന്റ് ജോസഫ് കത്തീഡ്രലിൽ പ്രത്യേക കുർബാന അർപ്പണത്തോടെയാണ് ചടങ്ങുകൾ നടന്നത്.

8. 2015ൽ പാക്കിസ്ഥാനിലെ കറാച്ചിയിലുള്ള സെന്റ് ജോൺസ് കത്തോലിക്കാ ദേവാലയത്തിൽ ചാവേർ ആക്രമണം നടത്താൻ വന്ന തീവ്രവാദിയെ സ്വജീവൻ പണയം വെച്ച് തടഞ്ഞുനിർത്തിയ ഇരുപത് വയസ്സുകാരൻ ആകാശ് ബഷീർ ദൈവദാസ പദവിയിലേക്ക് ഉയർത്തപ്പെട്ടു. ദൈവദാസ പദവിയിലേക്ക് ഉയർത്തപ്പെടുന്ന പാക്കിസ്ഥാനിൽ നിന്നുള്ള ആദ്യത്തെ വ്യക്തിയാണ് ആകാശ് ബഷീർ.

9. ദക്ഷിണ കൊറിയയിൽ പൗരോഹിത്യ വസന്തം. ഇക്കഴിഞ്ഞ ജനുവരി 28നു ദക്ഷിണ കൊറിയയിലെ സിയോൾ അതിരൂപതയിൽ തിരുപ്പട്ടം സ്വീകരിച്ച് പൗരോഹിത്യ ശുശ്രൂഷയിലേക്ക് പ്രവേശിച്ചത് 23 ഡീക്കന്മാർ. സിയോൾ അതിരൂപതയിലെ 229 ഇടവകകളിലായി ഏതാണ്ട് 15 ലക്ഷത്തോളം കത്തോലിക്കരാണുള്ളത്. അതിരൂപതയിൽ കർദ്ദിനാളും, മെത്രാപ്പോലീത്തയും, മൂന്ന് മെത്രാന്മാരും, അഞ്ച് മോൺസിഞ്ഞോർമാരും ഉൾപ്പെടെ 966 പുരോഹിതരാണ് ഉള്ളത്.

10. രണ്ടാം നൂറ്റാണ്ടിലെ ദൈവശാസ്ത്രജ്ഞനും മെത്രാനും രക്തസാക്ഷിയുമായ ഐറേനിയസിനെ (ഇരണേവൂസ്) ഫ്രാൻസിസ് മാർപാപ്പ വേദപാരംഗതനായി പ്രഖ്യാപിച്ചു. 'ഐക്യത്തിന്റെ വേദശാസ്ത്രജ്ഞൻ' എന്നായിരിക്കും അദ്ദേഹം ഇനി അറിയപ്പെടുക. പുതിയ പ്രഖ്യാപനത്തോടെ കത്തോലിക്കാ സഭയിലെ വേദപാരംഗതരുടെ എണ്ണം 37 ആയി.

11. തിരുവനന്തപുരം ലത്തീൻ അതിരൂപതാ നിയുക്ത ആർച്ച് ബിഷപ്പ് ഡോ. തോമസ് നെറ്റോയുടെ മെത്രാഭിഷേകവും സ്ഥാനാരോഹണവും 2022 മാർച്ച് 19-ന് വിശുദ്ധ യൗസേപ്പിന്റെ തിരുനാൾ മഹോത്സവദിനത്തിൽ നടത്തപ്പെടും. ചെറുവെട്ടുകാട് സെന്റ് സെബാസ്റ്റ്യൻസ് ഗ്രൗണ്ടിൽ വച്ചാണ് തിരുക്കർമ്മങ്ങൾ നടത്തപ്പെടുന്നത്. മെത്രാഭിഷേക-സ്ഥാനാരോഹണ ചടങ്ങുകൾക്ക് ആർച്ച് ബിഷപ്പ് എം. സൂസാപാക്യം കാർമ്മികത്വം വഹിക്കും.

12. ചങ്ങനാശേരി മുൻ ആർച്ച് ബിഷപ്പ് മാർ ജോസഫ് പവ്വത്തിലിന്റെ സമ്പൂർണ കൃതികളുടെ സമാഹാരം മേയിൽ പ്രസിദ്ധീകരിക്കും. ഏഴ് വാല്യങ്ങളായി തയാറാക്കിയ മാർ ജോസഫ് പവ്വത്തിലിന്റെ സമ്പൂർണ കൃതികളു ടെ സമാഹാരം അദ്ദേഹത്തിന്റെ മെത്രാഭിഷേക സുവർണ ജൂബിലിയുടെ ഭാഗമായി ഈ മേയിൽ പ്രസിദ്ധീകരിക്കുമെന്ന് അതിരൂപതാ വികാരി ജനറാൾ മോൺ.തോമസ് പടിയത്ത് അറിയിച്ചു. സീറോ മലബാർ സഭ, ആരാധനാക്രമം, സഭാ വിജ്ഞാനീയം, വിദ്യാഭ്യാസം, മതം, രാഷ്ട്രം, രാഷ്ട്രീയം, സാമൂഹിക വിഷയങ്ങൾ എന്നിവയാണ് കൃതിയിലുള്ളത്.

13. സീറോമലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയുടെ മുപ്പതാമത് മെത്രാൻ സിനഡിന്റെ ഒന്നാം സമ്മേളനം സഭയുടെ ആസ്ഥാന കാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്നു. സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച്ബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ നേതൃത്വത്തിൽ ഇന്ത്യയിലും വിദേശത്തും സേവനം ചെയ്യുന്നവരും അജപാലന ശുശ്രൂഷയിൽ നിന്നു വിരമിച്ചവരുമായ 57 വൈദികമേലധ്യക്ഷൻമാർ സിനഡിൽ പങ്കെടുത്തു. വിരമിച്ച 5 മെത്രാൻമാർ അനാരോ?ഗ്യംമൂലം സിനഡിൽ പങ്കെടുത്തില്ല.

14. തലശ്ശേരി അതിരൂപതയുടെ ആർച്ച്ബിഷപ്പായി മാർ ജോസഫ് പാംപ്ലാനിയും പാലക്കാട് രൂപതയുടെ ബിഷപ്പായി മാർ പീറ്റർ കൊച്ചുപുരയ്ക്കലും നിയമിക്കപ്പെട്ടു. കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന സിനഡിലാണു തെരഞ്ഞെടുപ്പു നടന്നത്.

15. കേരള കാത്തലിക് യൂത്ത് മൂവ്മെന്റ് (കെസിവൈഎം) സംസ്ഥാന പ്രസിഡന്റായി ഷിജോ ഇടയാടിൽ (ചങ്ങനാശേരി അതിരൂപത) തെരഞ്ഞെടുക്കപ്പെട്ടു. മൂവാറ്റുപുഴ രൂപത അംഗം ബിച്ചു കുര്യൻ തോമസ് ആണ് ജനറൽ സെക്രട്ടറി, പാലക്കാട് യുവക്ഷേത്ര കോളജിൽ വച്ച് നടന്ന കേരള കത്തോലിക്കാ സഭയിലെ 32 രൂപതയിലെ യുവജന പ്രതിനിധികൾ പങ്കെടുത്ത 44-ാമത് സംസ്ഥാന വാർഷിക സെനറ്റ് സമ്മേളനത്തിലാണ് തിരഞ്ഞെടുപ്പ് നടന്നത്.

16. സീറോമലബാർ സഭയുടെ പ്രേഷിതവാരത്തോടനുബന്ധിച്ചു സീറോമലബാർ മിഷൻ ഓഫീസും വിശ്വാസപരിശീലന കമ്മീഷനും സംയുക്തമായി നടത്തിയ മിഷൻ ക്വസ്റ്റ് എന്ന ഓൺലൈൻ ക്വിസ്സ് പ്രോഗ്രാമിന്റെ ആഗോളതല വിജയികളെ പ്രഖ്യാപിച്ചു. വിദ്യാർഥികളുടെ വിഭാഗത്തിൽ കോതമംഗലം രൂപതയിലെ അഗാസാ ബെന്നി ഒന്നാം സ്ഥാനവും ഗ്രേറ്റ് ബ്രിട്ടൻ രൂപതയിലെ ഗ്രേസ് ജോണി രണ്ടാം സ്ഥാനവും തക്കല രൂപതയിലെ അന്നാ രാജ് മൂന്നാം സ്ഥാനവും നേടി. മുതിർന്നവരുടെ വിഭാഗത്തിൽ തക്കല രൂപതയിലെ ഗീത ആർ ഒന്നാം സ്ഥാനവും ഗോരഖ്പൂർ രൂപതയുടെ ടോണി ജോസ് രണ്ടാം സ്ഥാനവും ഹൊസൂർ രൂപതയിലെ ഓ എഫ് നീന മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

17. 2025 ജൂബിലി വർഷത്തിനു വേണ്ടിയുള്ള ആപ്തവാക്യം പരിശുദ്ധ സിംഹാസനം പ്രഖ്യാപിച്ചു. ജനുവരി പതിമൂന്നാം തീയതി പുറത്തുവിട്ട വീഡിയോയിൽ 'പ്രത്യാശയുടെ തീർത്ഥാടകർ' എന്നതായിരിക്കും ജൂബിലി വർഷ ആപ്തവാക്യമെന്ന് നവ സുവിശേഷവത്കരണത്തിനു വേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിൽ പ്രസിഡന്റ് കർദ്ദിനാൾ റിനോ ഫിസിച്ചെല്ല അറിയിച്ചു.

18. ദൈവജനത്തിലെ അംഗങ്ങളെന്ന നിലയിൽ പിതാവിൻറെ പ്രിയപ്പെട്ട മക്കളായി നമ്മെ മാറ്റിയ മാമ്മോദീസാ ദിനം നാം മറക്കരുതെന്ന് ഫ്രാൻസിസ് പാപ്പ. കർത്താവിൻറെ മാമ്മോദീസാത്തിരുന്നാളിൽ മദ്ധ്യാഹ്നപ്രാർത്ഥനയ്ക്ക് ഒരുക്കമായി നടത്തിയ സന്ദേശത്തിലാണ് പാപ്പ ഇക്കാര്യം ഓർമ്മിപ്പിച്ചത്. മാമ്മോദീസ നമ്മുടെ പുനർജന്മമാണെന്നും

അത് ആഘോഷിക്കാനും കർത്താവിന് നന്ദി പറയാനുമായി ആ തീയതി ഓർത്തുവയ്ക്കണമെന്നും പാപ്പ സന്ദേശത്തിൽ പറഞ്ഞു.

19. 1978 ഓഗസ്റ്റ് 26 മുതൽ സെപ്റ്റംബർ 28 വരെ വെറും 33 ദിവസം മാത്രം ആഗോള കത്തോലിക്കാ സഭയെ നയിക്കുകയും 'പുഞ്ചിരിക്കുന്ന പാപ്പ' എന്ന അപര നാമത്തിൽ അറിയപ്പെടുകയും ചെയ്ത വിശുദ്ധ ജോൺപോൾ ഒന്നാമൻ പാപ്പയെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കും. 2022 സെപ്റ്റംബർ 4ന് വത്തിക്കാനിൽ ഫ്രാൻസിസ് പാപ്പായുടെ കാർമ്മികത്വത്തിൽ നടക്കുന്ന ചടങ്ങിൽവെച്ചായിരിക്കും വാഴ്ത്തപ്പെട്ട പ്രഖ്യാപനം.

20. തീവ്ര ഇസ്ലാമിക രാഷ്ട്രമായ പാക്കിസ്ഥാനിലെ സിന്ധ് പ്രവിശ്യയിലെ ആദ്യ ജയിൽ ചാപ്പലായ 'ചർച്ച് ഓഫ് കിംഗ് ഓഫ് കിംഗ്സ്' കൂദാശ ചെയ്തു. സിന്ധ് പ്രവിശ്യയിലെ മാലിർ കൗണ്ടി ജയിലിലാണ് ചാപ്പൽ നിർമ്മിച്ചിരിക്കുന്നത്. സന്നദ്ധ സംഘടനയായ എയ്ഞ്ചൽ വെൽഫെയർ ട്രസ്റ്റിന്റെ സാമ്പത്തിക സഹായത്തോടെയാണ് ദേവാലയം നിർമ്മിച്ചിരിക്കുന്നത്.

21. വർണവിവേചനത്തിന് എതിരെ മുൻനിരയിൽ നിന്നു പോരാടുകയും സമാധാനത്തിനുള്ള നൊബേൽ സമ്മാനം കരസ്ഥമാക്കുകയും ചെയ്ത ദക്ഷിണാഫ്രിക്കയിലെ ആംഗ്ലിക്കൻ ആർച്ച് ബിഷപ്പ് ഡെസ്മണ്ട് ടുട്ടു വിടവാങ്ങി. 1984ൽ സമാധാനത്തിനുള്ള നൊബേൽ സമ്മാനം നൽകി ലോകം ആദരിച്ച അദ്ദേഹം വർണവിവേചനത്തിന് എതിരെ ശക്തമായ പോരാട്ടമാണ് നടത്തിയത്.

22. ഇറ്റാലിയൻ ഗവൺമെന്റിന്റെ നൈറ്റ് ഓഫ് ദി ഓഡർ ഓഫ് ദി സ്റ്റാർ ഓഫ് ഇറ്റലി എന്ന ബഹുമതി മലയാളി വൈദികന്. വിയന്നയിൽ സേവനം അനുഷ്ഠിക്കുന്ന ഫ്രാൻസിസ്കൻ സഭാംഗമായ ഫാ. തോമസ് മണലിലിനാണ് ഈ വിശിഷ്ട ബഹുമതി ലഭിച്ചത്. ഇറ്റലിയുടെ പുനർനിർമിതിക്കുവേണ്ടി പ്രവർത്തിക്കുന്നവർക്ക് നൽകുന്ന സിവിലിയൻ ബഹുമതിയാണിത്.

# കുട്ടികളിലെ ലഹരി ഉപയോഗം മുളയിലേ നുള്ളാം!



**M.A James**

'ആഴ്ചയിൽ പത്തോ പതിനഞ്ചോ കുട്ടികളാണ് ലഹരി ഉപയോഗത്തിൽനിന്ന് കരകയറുന്നതിനായി ചികിത്സ തേടി എന്റെ അരികിൽ എത്തുന്നത്. ഒരു ഡോക്ടറുടെ അടുത്ത് ഇത്രയും കുട്ടികൾ വരുന്നുണ്ടെങ്കിൽ അത് വളരെ ഭീകരമായ ഒരു അന്തരീക്ഷത്തെയാണ് സൂചിപ്പിക്കുന്നത്.' എറണാകുളം റിനൈ മെഡിസിറ്റിയിലെ കൺസൽട്ടന്റ് സൈക്യാട്രിസ്റ്റ് ഡോ. വിവേക് പറയുന്നു.

'ജോജോ ആൻഡ് സെറ്റ്', 'ജോയിന്റ്', 'മരിജു', 'ഇല', 'സ്റ്റഫ്', 'സാധനം' എന്നൊക്കെ കുട്ടികൾ കോഡുഭാഷയിൽ വിളിക്കുന്ന മയക്കുമരുന്ന്, പുകയില, ലഹരിവസ്തുക്കൾ എന്നിവ കുട്ടികൾക്കിയിൽ വളരെ വ്യാപകമാവുകയാണ്. തുടക്കത്തിലേ തന്നെ കണ്ടുപിടിക്കാൻ കഴിഞ്ഞാൽ അതിഭീകരമായ വിപത്തിൽനിന്ന് കുട്ടിയെ മോചിപ്പിക്കാൻ കഴിയും.

**പെട്ടെന്നൊരു ദിവസം തുടങ്ങുന്നതല്ല**

ലഹരി വസ്തുക്കളുടെ ഉപയോഗം ഒരു ദിവസംകൊണ്ട് ഉണ്ടാകുന്നതല്ല. അറിയാനുള്ള ആകാംക്ഷ, കിട്ടുമെന്ന് കേട്ടിട്ടുള്ള ഉന്മാദാവസ്ഥ, സമപ്രായക്കാരുടെ പ്രേരണ, ബോറടി മാറ്റാൻ, വിഷാദം മാറ്റാൻ, വീട്ടിലെ പ്രശ്നങ്ങൾ മറക്കാൻ, ക്ഷീണം മാറ്റാൻ, അധികമായി ലഭിക്കുന്ന പോക്കറ്റ് മണി എന്തു ചെയ്യണമെന്നറിയാതെ നടക്കുന്നവർ എന്നിങ്ങനെ ലഹരിവസ്തുക്കളിലേക്ക് ശ്രദ്ധ മാറാൻ കാരണങ്ങൾ നിരവധിയാണ്. തുടക്കത്തിലേ കണ്ടുപിടിക്കാൻ കഴിഞ്ഞാൽ വലിയ ബുദ്ധിമുട്ടില്ലാതെ ഈ ആപത്കരമായ ദുശ്ശീലത്തിൽനിന്ന് കുട്ടിയെ പിന്തിരിപ്പിക്കാൻ സാധിക്കും.

**ആൺകുട്ടികൾ മാത്രമല്ല**

നമ്മുടെ പെൺകുട്ടികളും ഒട്ടും സുരക്ഷിതരല്ല. ഗേൾസ് ഹോസ്റ്റലുകളിൽ ഫോൺ വഴി ഓർഡർ എടുത്ത് ലഹരി മരുന്നുകൾ എത്തിക്കുന്ന സംഘങ്ങളുണ്ട്. 20,30 രൂപ കൂടുതൽ കൊടുത്താൽ സാധനം ഹോസ്റ്റലിനുള്ളിൽ കിട്ടുമെന്നാണ് കൗൺസലിങ്ങിനെത്തിയ ചില പെൺകുട്ടികൾ ഡോക്ടറോട് പറഞ്ഞത്.സോഷ്യൽ മീഡിയകളും ഇതിന് കാരണമാകുന്നുണ്ട്. ഇത്തരത്തിലുള്ള ഗ്രൂപ്പിൽപെട്ടാൽ അവർ ചെയ്യുന്നതെല്ലാം ഹീറോയിസമാണെന്നും ചെയ്യാതിരുന്നാൽ മോശക്കാരാകുമെന്നും തെറ്റിദ്ധരിക്കുന്നു. മയക്കുമരുന്നിന്റെ 'കിക്കി'നെക്കുറിച്ചും താൻ

പരീക്ഷിച്ച പുതിയ 'സ്റ്റഫു'കളെക്കുറിച്ചുമെല്ലാം സോഷ്യൽ മീഡിയകളിൽ പോസ്റ്റ് ചെയ്യുന്നത് മറ്റു സമപ്രായക്കാർക്കിടയിൽ ഹീറോ പരിവേഷം നൽകുമെന്ന് ചിലരെങ്കിലും കരുതുന്നു.

**റാക്കറ്റുകൾ**

സ്കൂളുകളും ഹോസ്റ്റലുകളും കേന്ദ്രീകരിച്ച് മയക്കുമരുന്നിന്റെ റാക്കറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്നാണ് നഗരത്തിലെ പ്രമുഖ ഡോക്ടർമാർ ഒരേ സ്വരത്തിൽ പറയുന്നത്. സ്കൂൾ യൂണിഫോമിന്റെ മറവിൽ മയക്കുമരുന്ന് കച്ചവടം വ്യാപകമാണ്. ഒരിക്കൽ ഉപയോഗിച്ചു കഴിഞ്ഞാൽ അതിന്റെ പേരിൽ ബ്ലാക്ക്മെയിൽ ചെയ്ത് കൂട്ടുകാരെക്കൂടി സംഘത്തിൽ പെടുത്താൻ നിർബന്ധിക്കും. വലയിൽ പെട്ടുപോകുന്ന കുട്ടി, ആരോടും പറയാൻ കഴിയാതെ അനുസരിക്കുകയും ചെയ്യും.

**ലക്ഷണങ്ങൾ**

സ്കൂൾ മുടങ്ങുക, സ്കൂളിൽ പോവുകയാണെന്ന ഭാവത്തിൽ മറ്റെവിടെയെങ്കിലും പോകുക, കുട്ടിയുടെ ശരീരത്തിൽ നിന്നോ, വസ്ത്രങ്ങൾ, മുറി എന്നിവിടങ്ങളിൽ നിന്നോ സിഗററ്റിന്റെയോ പുകയുടെയോ മണം വരിക, പെട്ടെന്നുണ്ടാകുന്ന സ്വഭാവവ്യതിയാനങ്ങൾ. ദേഷ്യം, അമർഷം, പൊട്ടിത്തെറി, നിരാശ എന്നിവ അനിയന്ത്രിതമാവുക. വിക്കൽ, സംസാരിക്കുമ്പോൾ തപ്പിത്തടയൽ എന്നിവ ഉണ്ടാവുക. ആവശ്യങ്ങൾ ഏറിവരിക, ആവശ്യത്തിന് പണം കിട്ടിയില്ലെങ്കിൽ ചോദിക്കാതെ എടുത്തുകൊണ്ടുപോകുക, പോക്കറ്റിലോ ബാഗിലോ മുറിയിലോ ആവശ്യത്തിൽ കൂടുതൽ പണം കാണപ്പെടുക, ചോദിച്ചാൽ കള്ളം പറയുക.

മുറിയിൽ കയറി അധികനേരം വാതിലടച്ചിരിക്കുക, മണിക്കൂറുകളോളം കുളിക്കുക, ശരീരഭാരം അമിതമായി കുറയുകയോ കൂടുകയോ ചെയ്യുക, മറ്റു വിനോദോപാധികൾ ത്യജിക്കുക, ഇഷ്ടപ്പെട്ട ഹോബീസ്, ഹാബിറ്റ്സ് എന്നിവയിൽ താത്പര്യം ഇല്ലാതാവുക. ഉറക്കം, ഭക്ഷണം എന്നിവ ഒന്നുകിൽ വളരെ കുറഞ്ഞുപോവുക, അല്ലെങ്കിൽ വളരെ കൂടുക, വ്യക്തിബന്ധങ്ങളിൽ വിള്ളൽ വരിക, വീട്ടിൽ ആർക്കും മുഖം നൽകാതെ ഒഴിഞ്ഞുമാറുക, പുതിയ കൂട്ടുകെട്ടുകൾ തുടങ്ങുക, പഴയ ചങ്ങാതിമാരെക്കുറിച്ച് ചോദിച്ചാൽ അവരെ കുറ്റം പറയുക, ദേഷ്യപ്പെടുക. നന്നായി പഠിക്കുന്ന കുട്ടി പെട്ടെന്ന് പഠനത്തിൽ പിന്നാക്കം പോകുക, വീട്ടിൽ നിന്ന് മാറിനിൽക്കാൻ താത്പര്യം കാട്ടുക.

**ചികിത്സ**

മരുന്നുകളും കൗൺസിലിങ്ങും ഒപ്പം കൊണ്ടുപോകണം. പിൻവാങ്ങൽ ലക്ഷണങ്ങൾ കുറയ്ക്കാനും ശാരീരികപ്രശ്നങ്ങൾ നേരിടാനും മരുന്ന്

കൂടിയേ തീരൂ. ഒറ്റയടിക്ക് സ്വയം തീരുമാനിച്ച് മാറ്റാൻ കഴിയുന്ന ഒന്നല്ല മയക്കുമരുന്നുകളോടും ലഹരി വസ്തുക്കളോടുമുള്ള അഡിക്ഷൻ. ഒരുതവണ ട്രീറ്റ്മെന്റ് എടുത്ത് മുഴുമിപ്പിക്കുന്നതിന് മുൻപുതന്നെ വീണ്ടും അവ ഉപയാഗിക്കാൻ സാധ്യതയുണ്ട്. അത് തുറന്നുപറഞ്ഞാൽ നാണക്കേടാവുമെന്നോ എല്ലാവരും കുറ്റപ്പെടുത്തുമെന്നോ കരുതേണ്ട. മരുന്നും കൗൺസിലിങ്ങും വഴി പൂർണമായും മാറ്റാൻ കഴിയുന്നതാണ് ഇത്തരം ലഹരിവസ്തുക്കളുടെ ഉപയോഗം.

**രക്ഷിതാക്കൾ ശ്രദ്ധിക്കേണ്ടത്**

ആവശ്യത്തിലധികം പോക്കറ്റ് മണി കുട്ടികൾക്ക് നൽകരുത്. എന്നാൽ ന്യായമായ ആവശ്യങ്ങൾക്ക് പണം നൽകാതിരിക്കുകയുമരുത്.

ലഹരി മരുന്നുകൾക്ക് അടിമപ്പെട്ടു എന്നുറപ്പിക്കാനായാൽ എത്രയും പെട്ടെന്ന് കൗൺസലിങ് നൽകണം. പുറത്തറിയുമെന്നോ നാണക്കേടാണെന്നോ കരുതരുത്. കുട്ടിയുടെ ഭാവിയുടെയും ജീവിതത്തിന്റെയും കാര്യമാണെന്നോർക്കുക.

ഭീഷണിപ്പെടുത്തിയോ മർദിച്ചോ ഉപദേശിച്ചോ ശകാരിച്ചോ ഇത്തരത്തിലുള്ള ശീലം മാറ്റാൻ കഴിയില്ല. അതിന് മനഃശാസ്ത്ര വിദഗ്ദ്ധന്റെയോ കൗൺസലിങ് വിദഗ്ദ്ധന്റെയോ സഹായവും മരുന്നുകളും വേണം. ഒപ്പംതന്നെ, എന്തു സംഭവിച്ചാലും ഞങ്ങൾ കൂടെയുണ്ടാവും എന്ന വിശ്വാസം കുട്ടിയിലുണ്ടാക്കാൻ രക്ഷിതാക്കൾക്ക് കഴിയണം.

ചികിത്സ തുടങ്ങിയാൽ പൂർണമായും അത് പിന്തുടരണം. പെട്ടെന്ന് നിർത്താൻ കഴിയുന്നതല്ല ഇത്തരം ലഹരി വസ്തുക്കളോടുള്ള അടിമത്തം. ചികിത്സയ്ക്കിടയിൽ കുട്ടി ചിലപ്പോൾ വീണ്ടും അത്തരം ശീലങ്ങളിലേക്ക് മടങ്ങിപ്പോയേക്കാം. അപ്പോഴെല്ലാം ക്ഷമയോടെ അവനെ തിരിച്ചു കൊണ്ടുവരണം.

ചികിത്സാസമയത്തോ, അതിനുശേഷമോ കൂട്ടിലിട്ട കിളിയെപ്പോലെ കുട്ടിയെ കൈകാര്യം ചെയ്യരുത്. ആവശ്യത്തിന് സ്വാതന്ത്ര്യം നൽകണം. നല്ല ചങ്ങാതിമാരെ ഇക്കാര്യത്തിൽ സഹായത്തിന് വിളിക്കാം.

ആരോഗ്യകരമായ കുടുംബാന്തരീക്ഷം കുട്ടിക്ക് നൽകുക. സംരക്ഷിക്കാനും സ്നേഹിക്കാനും ഒരു പ്രശ്നം വന്നാൽ ഒറ്റക്കെട്ടായി നിന്ന് നേരിടാനും കുടുംബം കൂടെയുണ്ടെന്ന വിശ്വാസം കുട്ടിക്ക് നൽകുക. കുടുംബപ്രാർത്ഥനകളിലും, പള്ളികളിലും, ധ്യാനങ്ങളിലും, മെല്ലെ മെല്ലെ പങ്കെടുപ്പിച്ച് പ്രാർത്ഥന ഒരു ശീലമാക്കുക. ലഹരി വസ്തുകളുടെ അടിമത്തത്തിലേക്ക് തിരികെപ്പോകാതിരിക്കാൻ കുട്ടിയെ സ്വയം പ്രേരിപ്പിക്കുകയും ചെയ്യണം. (തുടരും)

# സമർപ്പണത്തിന്റെ കാതൽ



സി. തെരേസ് ജോൺ
FCC

ജനിക്കുന്നതിനുമുമ്പേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു. ജനതകൾക്ക് പ്രവാചകനായി ഞാൻ നിന്നെ നിയോഗിച്ചു എന്ന് ജറെമിയാ പ്രവാചകനോട് അരുളിചെയ്ത ദൈവം ഒരുവന്റെ മനസ്സിൽ കുഞ്ഞുനാൾമുതൽതന്നെ ദൈവത്തോടും ദൈവിക കാര്യങ്ങളോടും ഒരടുപ്പവും സ്നേഹവും നിക്ഷേപിക്കുന്നു. ഈ ദൈവീകകൃപയോടുള്ള ഒരു വ്യക്തിയുടെ സഹകരണമാണ് ദൈവ വിളിയ്ക്ക് കളമൊരുക്കുന്നത്. യോഹ 6:44 - ൽ പറയുന്നു: "എന്റെ പിതാവിനാൽ ആകർഷിക്കപ്പെടാതെ ഒരുവനും എന്റെ അടുത്തേയ്ക്ക് വരുക സാധ്യമല്ല". സന്ന്യാസജീവിതം അത് ദൈവാത്മാവും മനുഷ്യാത്മാവും തമ്മിലുള്ള ഒരാകർഷണത്തിന്റെ ഫലമായി രൂപംകൊള്ളുന്ന അഭേദ്യമായ ഒരു ബന്ധമാണ്. ആരുടെയെങ്കിലും നിർബന്ധത്തിന് വഴങ്ങിയോ സ്ഥാനമാനങ്ങളും സുഖജീവിതവും ആഗ്രഹിച്ചോ ആരെങ്കിലും സന്ന്യാസത്തെ പുല്കിയിട്ടുണ്ടെങ്കിൽ അവർക്ക് യഥാർത്ഥ സന്ന്യാസജീവിതത്തിന്റെ ആനന്ദം നുകരാനാവില്ല. അത്തരത്തിലുള്ളവർ പലതരത്തിലുള്ള അസ്വസ്ഥതകൾക്കും പ്രലോഭനങ്ങൾക്കും വഴിപ്പെടാം. ദൈവീക സ്നേഹവും സൗന്ദര്യവും ആസ്വദിക്കാനാകാതെ നിരാശയിലേക്ക് കൂപ്പുകുത്താം. പലതരം ആസക്തികൾക്കും സുഖേഛകൾക്കും അടിമകളാകാം. നന്മയായത് സമൂഹത്തിന് കൈമാറുന്നതിനുപകരം തിന്മയുടെ ബഹിർസ്ഫുരണങ്ങളായിരിക്കും അവരിൽനിന്ന് പുറപ്പെടുന്നത്.

ഒരു ക്രൈസ്തവ സന്ന്യാസജീവിതത്തെ സംബന്ധിച്ചിടത്തോളം അത് വിശുദ്ധിയിലേയ്ക്കുള്ള വിളിയും സാക്ഷ്യജീവിതത്തിനുള്ള ഉത്തരവാദിത്വവുമാണ്. പൗലോസ്ശ്ലീഹ പറയുന്നതുപോലെ വിശുദ്ധി





കൂടാതെ ആർക്കും ദൈവത്തെ ദർശിക്കുക സാധ്യമല്ല. ആത്മാവിന്റെയും ശരീരത്തിന്റെയും വിശുദ്ധി ദൈവസാന്നിധ്യാനുഭവത്തിന് അത്യന്താപേക്ഷിതമാണ്. വിശുദ്ധിയുടെ പടച്ചട്ടയണിഞ്ഞവനെ ദുഷ്ടന് തൊടാനോ തകർക്കാനോ കഴിയുകയില്ല. പ്രലോഭനങ്ങളും പരീക്ഷണങ്ങളും ക്ലേശങ്ങളുമെല്ലാം നേരിടേണ്ടിവന്നാലും ദൈവികസംരക്ഷണം ദൈവത്തിൽ ആശ്രയിച്ച് ജീവിക്കുന്നവന് എന്നും തുണയായുണ്ടാകും. പൂർണ്ണഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കാൻ തുടങ്ങുന്ന ഒരാത്മാവിലേയക്ക് ദൈവം തന്റെ നിർമ്മല സ്നേഹം നിറയ്ക്കുന്നു. ഈ സ്നേഹം സഹോദരങ്ങളിലേയ്ക്ക് പകർന്നുനല്കുന്നതുവഴി സന്തോഷത്തിന്റെ പൂർണ്ണത നുകരാൻ ആ വ്യക്തി പ്രാപ്തനാകുന്നു. ഒരു സമർപ്പിതന്റെ/യുടെ ജീവിതത്തിലേക്ക് ദൈവം തന്റെ ദാനങ്ങളും കൃപകളും വർഷിക്കുന്നത് അതുപയോഗിച്ച് മറ്റുള്ളവരെകൂടി ദൈവത്തിലേക്ക് നയിക്കുന്നതിനുവേണ്ടിയാണ്. തങ്ങൾ ഏർപ്പെടുന്ന വിവിധ പ്രേഷിതപ്രവർത്തനങ്ങൾ വഴിയാണ് ഇത് സാധ്യമാകുന്നത്. അതിനാൽ ഒരു സന്ന്യാസിക്ക് താൻ ഏർപ്പെടുന്ന പ്രേഷിതരംഗം ഒരു ഭാരമായി അനുഭവപ്പെടുന്നില്ല. മാത്രമല്ല ക്രൂശിതന്റെ പാതയെ അനുഗമിക്കുമ്പോൾ സഹനങ്ങൾക്കും ത്യാഗങ്ങൾക്കും അർത്ഥമുണ്ടെന്ന് കണ്ടെത്താൻ അത് അയാളെ പ്രാപ്തനാകുകയും ചെയ്യുന്നു. അതുവഴി ആവലാതികളും പരാതികളും ഇല്ലാതെ ജീവിതത്തിന്റെ ഉത്തരവാദിത്വം നിർവ്വഹിക്കാനും സഹനങ്ങളെയും ക്ലേശങ്ങളെയും ദൈവാനുഗ്രഹങ്ങൾ സ്വീകരിക്കാനുള്ള സ്രോതസ്സുകളാക്കി മാറ്റാനും ഇവർക്ക് കഴിയും. സ്വർഗ്ഗീയ ഇടങ്ങളിൽപോലും വസിക്കുന്ന തിന്മയുടെ ദുരാത്മാക്കൾക്കെതിരെ പടവെട്ടാൻ വിളിക്കപ്പെട്ടവനാണ് താനെന്ന് ബോധ്യമുള്ള സന്ന്യാസി പ്രാർത്ഥനയിൽ ദൈവത്തോടുചേർന്ന് ഒരു നിരന്തര ബലിയായി ദൈവത്തിന് സമർപ്പിക്കും. സന്ന്യാസജീവിതത്തിലൂടെ വിശുദ്ധിയുടെ കിരീടമണിഞ്ഞ അനേകം വിശുദ്ധരുടെ മാതൃക ഇതിന് പ്രചോദനമേകട്ടെ.



# വിശുദ്ധരിൽ വിശുദ്ധനായ യൗസേപ്പ്



Mrs. Mary Paul

ആഗോള കത്തോലിക്കാസഭയുടെ മദ്ധ്യസ്ഥനായി വിശുദ്ധ യൗസേപ്പിതാവിനെ പ്രഖ്യാപ്പിച്ചതിന്റെ 150-ാം വാർഷികത്തിലാണ് ഫ്രാൻസിസ് മാർപാപ്പ സഭയിലെ വിശുദ്ധ യൗസേപ്പിതാവിന്റെ സംരക്ഷണത്തെ ഊന്നിപ്പറഞ്ഞുകൊണ്ട് 2020 ഡിസംബർ എട്ടു മുതൽ 2021 ഡിസംബർ എട്ടുവരെ വിശുദ്ധ യൗസേപ്പിതാവിന്റെ വർഷമായി പ്രഖ്യാപിച്ചത്. സഭാചരിത്രത്തിൽ അനേകം വിശുദ്ധരുണ്ട്; എന്നാൽ, വിശുദ്ധരുടെയും വിശുദ്ധനാണ് വിശുദ്ധ യൗസേപ്പ്. 'എല്ലാ വിശുദ്ധരും ഓരോ പ്രത്യേക ആവശ്യങ്ങൾക്കായി മദ്ധ്യസ്ഥം വഹിക്കുന്നു. എന്നാൽ വിശുദ്ധ യൗസേപ്പ് നമ്മുടെ എല്ലാ ആവശ്യങ്ങളിലും നമുക്കുവേണ്ടി മാദ്ധ്യസ്ഥം യാചിക്കുന്നു' എന്നാണ് വിശുദ്ധ തോമസ് അക്വിനാസ് പറയുന്നത്. വിശുദ്ധ യൗസേപ്പിനെ അവതരിപ്പിക്കാൻ വി. മത്തായി സുവിശേഷകൻ രണ്ട് വിശേഷണങ്ങളാണ് നൽകുന്നത്. ഒന്ന് യൗസേപ്പ് നീതിമാനായിരുന്നു. രണ്ട് വിശുദ്ധ യൗസേപ്പ് തന്റെ ഭാര്യയെ അപമാനിതയാക്കാൻ ഇഷ്ടപ്പെടാത്തവനായിരുന്നു.

പരിശുദ്ധ അമ്മ കഴിഞ്ഞാൽ കത്തോലിക്കാസഭയിൽ ഏറ്റവും അധികം ആദരിക്കപ്പെടുന്ന വ്യക്തിയാണ് വിശുദ്ധ യൗസേപ്പ്. ഗർഭസ്ഥശിശുക്കൾ മുതൽ നൽമരണത്തിന്റെവരെ മദ്ധ്യസ്ഥനാണ്

വിശുദ്ധ യൗസേപ്പ്. ഉണ്ണീശോയെ മരണകരമായ അപകടത്തിൽ നിന്ന് രക്ഷിക്കാൻ ഈജിപ്തുവരെ യാത്രയാകുന്ന യൗസേപ്പിതാവ് മക്കൾക്കുവേണ്ടി ജീവിക്കുന്ന മാതാപിതാക്കൾക്ക് മാതൃകയാണ്. തന്റെ പ്രശസ്തിക്കും പെരുമയ്ക്കും വലിയ പ്രാധാന്യം കൊടുക്കാതെ സ്വയം അലിഞ്ഞ് ഇല്ലാതായിത്തീർന്ന ശുന്യവൽക്കരണത്തിന്റെ ജീവിതമായിരുന്നു വിശുദ്ധ യൗസേപ്പിതാവിന്റേത്.

ദൈവീകപദ്ധതികൾ പൂർത്തിയാക്കാൻ ദൈവം തിരഞ്ഞെടുത്ത വ്യക്തിയായിരുന്നു വിശുദ്ധ യൗസേപ്പ്. മറിയം എന്ന കന്യകയുടെ കാവലാളും ദൈവപുത്രനായ ഈശോയുടെ വളർത്തുപിതാവുമായിരുന്നു അദ്ദേഹം. ദൈവം ഭരമേൽപ്പിച്ച രണ്ടു താലങ്ങകളെ ഇരട്ടിയിലധികമായി ദൈവത്തിനു തിരിച്ചേൽപ്പിച്ച വിശ്വസ്ത സേവകനായിരുന്നു വിശുദ്ധ യൗസേപ്പ്. തിരുസഭ വിശുദ്ധ യൗസേപ്പിന്റെ മാദ്ധ്യസ്ഥം അഞ്ച് കാര്യങ്ങൾക്കുവേണ്ടിതേടുന്നു. ഒന്ന് വിശുദ്ധ യൗസേപ്പ് കുടുംബത്തിന്റെ കാവൽക്കാരനാണ്. രണ്ട് വിശുദ്ധ യൗസേപ്പ് സഭയുടെ കാവൽ പിതാവാണ്. മൂന്ന് വിശുദ്ധ യൗസേപ്പ് ബ്രഹ്മചാരികളുടെ സംരക്ഷകനാണ്. നാല് വിശുദ്ധ യൗസേപ്പ് തൊഴിലാളികളുടെ മദ്ധ്യസ്ഥനാണ്. അഞ്ച് വിശുദ്ധ യൗസേപ്പ് നൽമരണത്തിന്റെ മദ്ധ്യസ്ഥനാണ്.

17,18 നൂറ്റാണ്ടുകളിലെ വിദേശ മിഷണറിമാരുടെ വരവോടുകൂടിയാണ് സഭയിൽ ക്രൈസ്തവരുടെ ഇടയിൽ വിശുദ്ധ യൗസേപ്പിനോടുള്ള വണക്കം വ്യാപകമാകുന്നത്. പിന്നീട് പരിശുദ്ധ അമ്മയോട് എന്നപോലെതന്നെ ഈ വണക്കം വിശ്വാസികളുടെ ഇടയിൽ പ്രചരിച്ചു. കുടുംബബന്ധങ്ങൾക്ക് വളരെ പ്രാധാന്യം നൽകുന്ന ക്രൈസ്തവസമൂഹം തിരുകുടുംബത്തിന്റെ പാലകനായ വിശുദ്ധ യൗസേപ്പിതാവിനോടുള്ള ഭക്തിക്ക് വളരെയേറെ പ്രാധാന്യം നൽകി. നമുക്കും അനുദിനജീവിതത്തിൽ ഉണ്ടാകുന്ന സഹനങ്ങളിലും ബുദ്ധിമുട്ടുകളിലും പ്രയാസങ്ങളിലും വിശുദ്ധ യൗസേപ്പിതാവിന്റെ മദ്ധ്യസ്ഥംതേടികൊണ്ട് ദൈവത്തിങ്കലേക്ക് അടുക്കാം.



# പെരുമാറ്റവൈകല്യങ്ങൾ കുട്ടികളിൽ



Rinu Manish

നമ്മളിൽ ഭൂരിഭാഗം പേരും നമ്മുടെ കുട്ടിക്കാലങ്ങളിലേയ്ക്ക് തിരിച്ചുപോകാൻ കഴിഞ്ഞിരുന്നെങ്കിൽ എന്ന് ആഗ്രഹിക്കുന്നവരാണ്. ബാല്യകാലത്തിലെ കുസൃതികളും കുറമ്പും നിറഞ്ഞ മധുരസ്മരണകൾ തന്നെയത്രേ ഇതിനു കാരണം. കുട്ടികളുമൊത്ത് സമയം ചിലവഴിക്കാനും ഏറെ ഇഷ്ടമുള്ളവരാണ് നമ്മൾ. അവരുടെ പ്രസരിപ്പും പ്രവർത്തനങ്ങളും ചുറ്റുമുള്ളവർക്ക് നൽകുന്ന ഊർജ്ജം അവർണനീയമാണ്. പക്ഷെ കുറുമ്പുകളും വികൃതികളുമെല്ലാം അതിരുകവിഞ്ഞാൽ ഉണ്ടാകുന്ന രോഗാവസ്ഥയാണ് പെരുമാറ്റ വൈകല്യങ്ങൾ (Behavioural Disorders). പണ്ടത്തെ കൂട്ടുകുടുംബങ്ങളിൽ കുട്ടികൾ കുടുതലുണ്ടായിരുന്നതിനാൽ കൊണ്ടും കൊടുത്തും കണ്ടും കേട്ടും അവർ പരസ്പരം ഓരോരോ കാര്യങ്ങൾ സ്വയം പഠിച്ചിരുന്നു. അത് അവർക്ക് സമൂഹജീവിതത്തിലും പ്രശ്നങ്ങളെ അതിജീവിക്കാൻ സഹായകമായിരുന്നു. എന്നാൽ ഇന്നത്തെ അണുകുടുംബങ്ങളിൽ കുട്ടികളുടെ കുറവ് അമിതസംരക്ഷണത്തിനും ലാളനയ്ക്കും കാരണമാകുന്നു. ഇക്കൂട്ടർ ജീവിത പ്രതിസന്ധികളിൽ പെട്ടന്ന് വാടിപോകുന്നു. പെരുമാറ്റ വൈകല്യ

ങ്ങൾമൂലം പ്രയാസപ്പെടുന്ന ഒത്തിരി കുഞ്ഞുങ്ങൾ ഈ സമൂഹത്തിലുണ്ട്. ചെറുപ്പത്തിൽതന്നെ ചില ലക്ഷണങ്ങൾ ഇങ്ങനെയുള്ള കുട്ടികൾ പ്രകടിപ്പിക്കാറുണ്ട് മാതാപിതാക്കൾ അത് തിരിച്ചറിയാതെ പോകുമ്പോഴാണ് ഭാവി സങ്കീർണമാകുന്നത്.

**കാരണങ്ങൾ**

ആൺകുട്ടികളുടെ അനുസരണക്കേടും അമിതമായ ആവേശങ്ങളും മാതാപിതാക്കൾക്ക് മാത്രമല്ല, സ്കൂളിലും കൂട്ടുകാർക്കിടയിലും പ്രശ്നങ്ങൾ സൃഷ്ടിക്കാറുണ്ട്. അമേരിക്കയിലെ മിഷിഗൺ സ്കൂൾ ഓഫ് പബ്ളിക്ക് ഹെൽത്തിലെ വിദഗ്ധരായ ഒരു കൂട്ടം ശാസ്ത്രജ്ഞന്മാർ നടത്തിയ പഠനത്തിൽ ഇത്തരം പെരുമാറ്റ വൈകല്യങ്ങൾക്കുള്ള ഒരു പ്രധാനകാരണം ശരീരത്തിലെ അയണിന്റെയും വിറ്റാമിൻ B12 ന്റെയും അളവിലുള്ള കുറവാണെന്ന് കണ്ടെത്തി. കൊളംബിയായിലെ 1042 പെരുമാറ്റ വൈകല്യങ്ങളുള്ള ആൺകുട്ടികളിലാണ് ഈ പഠനം നടത്തിയത് ഈ കുട്ടികളിലുണ്ടായിരുന്ന സ്വഭാവപ്രശ്നങ്ങൾ അമിത ഉത്കണ്ഠ, വിഷാദം, അക്രമസ്വഭാവം, നിയമങ്ങളും നിയന്ത്രണങ്ങളും പാലിക്കാതിരിക്കുക എന്നിവയായിരുന്നു. രക്തസാമ്പിളുകളാണ് പരിശോധനയ്ക്ക് വിധേയമാക്കിയത്. ഇരുമ്പിന്റെ കുറവും അനീമിയയും വളരെ അപകടകരമായ ഒരു വസ്തുതയായാണ് ശാസ്ത്രജ്ഞർ ചൂണ്ടിക്കാണിക്കുന്നത്. ഇതുകൂടാതെ ഗർഭകാലത്തെ സങ്കീർണതകൾ, ശിഥിലമായ കുടുംബാന്തരീക്ഷം, പാരമ്പര്യഘടകങ്ങൾ, ചില ഹോർമോൺ വ്യതിയാനങ്ങൾ എന്നിവയും പെരുമാറ്റ വൈകല്യങ്ങൾക്ക് കാരണമായി പറയപ്പെടുന്നു.

**പെരുമാറ്റ വൈകല്യതരങ്ങൾ**

പ്രധാനമായും മൂന്നുതരം പെരുമാറ്റ വൈകല്യങ്ങളാണ് കുട്ടികളിൽ കാണപ്പെടുന്നത്. പ്രകടിപ്പിക്കുന്ന ലക്ഷണങ്ങൾക്കനുസരിച്ച് ഓരോന്നും വ്യത്യാസപ്പെട്ടിരിക്കുന്നു. അവ താഴെ പറയുന്നവയാണ്.

1. Attention Deficit Hyperactivity Disorder (ADHD)

2. Oppositional Defiant Disorder (ODD)

3. Conduct Disorder (CD)

**പൊതുവായ ലക്ഷണങ്ങൾ**

- മറ്റുള്ളവരെ അസ്വസ്ഥമാക്കുന്ന വിധം പ്രവർത്തിക്കുക.
- സ്കൂളിലെയോ വീട്ടിലേയോ ചിട്ടകൾ അനുസരിക്കാൻ വിസമ്മതിക്കുക.
- സ്വന്തം പരാജയങ്ങൾക്ക് മറ്റുള്ളവരെ പഴിചാരുക.
- ശ്രദ്ധക്കുറവ്.
- സ്ഥിരമായി കള്ളം പറയുക.
- മോഷണശീലം.
- ദയയില്ലാത്ത പെരുമാറ്റമോ, അക്രമണ സ്വഭാവമോ പ്രകടിപ്പിക്കുക.
- മുതിർന്നവരുമായി വാദപ്രതിവാദം നടത്തുക.
- എടുത്തുചാടി പെരുമാറുക.
- ദുഃശാഠ്യം പ്രകടിപ്പിക്കുക.
- ഏറ്റെടുക്കുന്ന കാര്യങ്ങൾ കൃത്യമായി പൂർത്തിയാക്കാതെ അടുത്തത് ചെയ്യുക.

**പരിഹാരമാർഗ്ഗങ്ങൾ**

ചില പെരുമാറ്റവൈകല്യങ്ങൾ ചെറുപ്രായത്തിൽ തന്നെ തിരിച്ചറിഞ്ഞ് പടിപടിയായി മാറ്റികൊണ്ടുവരാവുന്നതാണ്. 'ചൊട്ടയിലെ ശീലം ചുടല വരെ' എന്നതിനാൽ ബാല്യം മുതൽക്കെ ലാളനയ്ക്കൊപ്പം നല്ല ശീലങ്ങളും പരിശീലിപ്പിക്കുക. ചുരുക്കം ചില മാതാപിതാക്കളുടെ ചിന്തയാണ്; 'അടിച്ചാലേ കുട്ടി ശരിയാവു' എന്നത്. തെറ്റിന് അർഹമായ ശിക്ഷ നല്ലതുതന്നെ; പക്ഷെ അടി മാത്രമാണ് ശിക്ഷാരീതി എന്ന വിശ്വാസം നല്ലതല്ല. കളിക്കാൻ വിടാതിരിക്കുക, ഇഷ്ടമുള്ള കാർട്ടൂൺ കാണിക്കാതിരിക്കുക. ഇവയും ഗുണം ചെയ്യുന്ന ശിക്ഷാരീതികൾ തന്നെ. അമിതശിക്ഷണം

കുട്ടികളിൽ പകയും അക്രമണസ്വഭാവവും വളർത്തുന്നു. ഓരോ പ്രായത്തിലും കുട്ടികളുടെ മാനസികാവസ്ഥയിലേക്ക് ഇറങ്ങിച്ചെന്ന് അവരോടൊപ്പം ആശയവിനിമയം നടത്തുക. കുട്ടികളിലെ ആത്മവിശ്വാസം വർദ്ധിപ്പിക്കാൻ ഇത് വളരെ സഹായിക്കുന്നു. പ്രായത്തിനനുസരിച്ചുള്ള ജോലികൾ അവരെയും ചെയ്യാൻ അനുവദിക്കുക. കുഞ്ഞല്ലേ എന്ന ചിന്തയിൽ എല്ലാകാര്യങ്ങളും ചെയ്തുകൊടുക്കുന്നത് അവരെ അലസരും പക്വതയില്ലാത്ത വരുമാക്കി തീർക്കുന്നു. കുട്ടികളുടെ വാശികളെ യുക്തിപൂർവ്വം കൈകാര്യം ചെയ്യാൻ പഠിക്കുക. തുടക്കത്തിൽ തന്നെ ആവശ്യ മില്ലാത്ത വാശികൾ നടത്തികൊടുക്കാതിരിക്കുക. കുഞ്ഞുങ്ങളുടെ സംശയങ്ങളെ മാനിച്ച് അവയ്ക്ക് തൃപ്തികരമായ ഉത്തരം കണ്ടെത്തി പറഞ്ഞുകൊടുക്കുക. അവരുടെ മുൻപിൽ വില പോകുമെന്ന് കരുതി എന്തെങ്കിലും പറയാതെ, അറിയാത്ത കാര്യങ്ങൾ അറിയില്ലെന്നു തന്നെ പറയുക. എല്ലാത്തിനുപരി, അവരുടെ ചെറിയ വിജയങ്ങളിൽ പോലും അവരെ അകമഴിഞ്ഞ് അഭിനന്ദിക്കുക. 'ശിക്ഷണം ചിന്തിച്ച്; അഭിനന്ദനം ഉത്സാഹിച്ച്' എന്നത് ഒരു ശീലമാക്കുക നിരന്തരം ദേഷ്യപ്പെടുന്നതിനും കുറ്റപ്പെടുത്തുന്ന തിനും പകരം 'I love you my son/ daughter എന്ന് ദിവസവും കുട്ടികളോട് പറഞ്ഞുനോക്കൂ, കുഞ്ഞുങ്ങളിലും അതിലുപരി നമ്മളിലും പ്രകടമായ മാറ്റങ്ങൾ അനുഭവിച്ചറിയാൻ കഴിയും.

Bibliography

1. American Academy of Child & Adolescent Psychology

2. Baker. K, Pediatric and Child health.

# Catechism News

- **Scholastic Examination**

Scholastic examination for catechism teachers will be held on March 13th 2022. All teachers are requested to prepare well for the exam.

- **Farewell and Welcome to our Asst. Vicars**

Let us remember and pray for our Rev Fr. Jeevan Poruthur CMI for his service to the parish. His contribution to catechism department was remarkable. We shall always remember his faithfulness, zeal and dedication in all his work. A hearty welcome to our new Asst Vicar Fr. Chackochan Vadakeathalackal MCBS. Lets pray to God to grant him the strength of mind and body and fill him with the graces to do the will of God.

- **Farewell for 12th students**

Farewell for 12th students was held on 20th February 2022.A Self-awareness program was also conducted for 12th students to motivate them to do their best and face life challenges with prayer and confidence. Students attended the holy Qurbana and mementos were distributed to them.

- **Catechetical year ending**

As we have come to the end of this catechetical year, the department wishes to express heartfelt thanks to all the students, parents and teachers for their support and cooperation for online and offline classes. May God bless u all. Have a safe and healthy summer vacation.



# Word Search Puzzle – Noah's Ark

Find the words given below in the word search grid and circle them.
Words may appear in any directions

| | | | | |
|---|---|---|---|---|
| Animals | Land | Build | Obedient | Convenant |
| Promise | Rainbow | Dove | Flood | Supplies |
| Good | Two | Evil | Criticize | Saved |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| A | D | D | B | J | H | E | S | Y | S | P | T | D | L | T |
| N | O | L | V | H | V | Z | E | U | R | A | O | G | N | O |
| I | V | I | L | I | P | I | C | O | P | O | V | A | I | W |
| M | E | U | L | C | J | C | M | C | L | P | N | E | Q | T |
| A | R | B | K | V | N | I | B | F | I | E | L | R | D | K |
| L | D | E | F | P | S | T | X | Y | V | K | W | I | V | Z |
| S | X | N | T | E | V | I | U | O | V | R | A | V | E | N |
| N | S | L | A | L | L | R | C | D | O | O | G | G | W | S |
| W | Q | N | X | L | A | C | W | O | B | N | I | A | R | Q |
| O | B | E | D | I | E | N | T | T | C | U | H | I | Z | G |

# Marian Knowledge

1. Which feast is celebrated on 25th March?
   The Feast of the Annunciation
2. "What a joy to remember that she [Mary] is our Mother! Since she loves us and knows our weakness, what have we to fear?" Who said this?
   Saint Therese of Lisieux
3. "As mariners are guided into port by the shining of a star, so Christians are guided to heaven by Mary." Who said this?
   Saint Thomas Aquinas
4. "Whosoever shall die wearing my Scapular shall not suffer the flames of Hell." Who said this?
   Our Lady of Mount Carmel
5. "I am not only the Queen of Heaven, but also the Mother of Mercy. "To whom did Mary say these words?
   Our Lady to Saint Faustina
6. Which Pope is known as Our Lady's Pope?
   Pope Pius XII.
7. Who conferred the title "Mother of the Church" on Our Lady and when?
   Pope Paul VI at the end of the 3rdsession of the Vatican II
8. T o which Pope do we owe the spreading of the devotion to Mary Help of Christians?
   Pope Pius V
9. When and by whom was the whole world consecrated to the Immaculate Heart of Mary?
   31st October, 1942 by Pope Pius XII
10. Who extended the feast of the Immaculate Conception to the universal church?
    Pope Clement XI



# MARCH 2022

| Sunday | Monday | Tuesday | Wednesday | Thursday | Friday | Saturday |
|---|---|---|---|---|---|---|
| | | **1**<br>Acts 8:14-25<br>Mk9:14-29 | **2**<br>Jas4:1-10<br>Mt18:1-10 | **3**<br>1Tes2:17-3:5<br>Lk22:24-30 | **4**<br>Jas1:12-18<br>Lk22:39-46 | **5**<br>2Cor2:5-11<br>Lk15:11-24 |
| **6**<br>Gen13:1-3<br>Sir31:1-11<br>1Tim6:3-10<br>Lk19:1-10 | **7**<br>Jas2:1-9<br>Lk16:19-31 | **8**<br>Jas5:1-6<br>Lk18:18-30 | **9**<br>1Tim6:17-21<br>Lk12:13-21 | **10**<br>Rom8:1-6<br>Mt6:19-24 | **11**<br>Jas1:9-11;4:13-16<br>Lk 14:7-14 | **12**<br>Phil 3:4-11<br>Lk5:1-11 |
| **13**<br>Deut15:7-15<br>Tob12:6-15<br>2Cor8:9-15<br>Mt6:1-8,16-18 | **14**<br>Phil4:10-20<br>Mk9:33-41 | **15**<br>2Cor9:1-5<br>Mk12:38-44 | **16**<br>2Cor9:6-14<br>Lk6:32-38 | **17**<br>Jas2:10-17<br>Mt 7:21-28 | **18**<br>1Cor10:14-21<br>Mt10:23-28 | **19**<br>Gen41:37-43<br>Is41:8-16<br>Eph6:14-20<br>Mt1:18-25 |
| **20**<br>Gen19:1-11<br>2Sam12:1-7<br>2Tim 2:22-26<br>Mt5:27-32 | **21**<br>2Pt1:1-9<br>Mk7:14-23 | **22**<br>Heb12:14-17<br>Lk11:33-41 | **23**<br>Rev3:1-6<br>Mk10:46-52 | **24**<br>1Tes4:1-8<br>Lk5:12-16 | **25**<br>Gen3:1-7,14-15<br>Is7:10-15<br>Gal4:1-7<br>Lk1:26-38 | **26**<br>Rev3:14-22<br>Lk24:44-49 |
| **27**<br>Gen4:8-16,<br>1Sam 24:1-8<br>1Jn1:5-10<br>Jn8:1-11 | **28**<br>Eph4:1-6<br>Lk17:1-6 | **29**<br>1Pt3:8-12<br>Mt5:38-48 | **30**<br>1Tes5:12-18<br>Mt18:15-20 | **31**<br>1Cor13:1-8<br>Mt18:21-35 | | |

# APRIL 2022

| Sunday | Monday | Tuesday | Wednesday | Thursday | Friday | Saturday |
|---|---|---|---|---|---|---|
| | | | | | **1**<br>Heb9:23-28<br>Mt20:20-28 | **2**<br>1Cor2:1-8<br>Mt17:1-9 |
| **3**<br>Lev8:1-10<br>Macc6:18-31<br>1Pt4:12-19<br>Mk8:31,9:1 | **4**<br>1Pt2:18-23<br>Mt12:15-21 | **5**<br>Col1:24-29<br>Jn15:18-27 | **6**<br>Rom8:31-39<br>Mt10:17-22 | **7**<br>2Tim1:6-14<br>Mt10:32-34 | **8**<br>Rom5:12-17<br>Jn11:32-44 | **9**<br>2Cor2:14-17<br>Jn12:1-11 |
| **10**<br>Ex15:1-3,11-15,<br>20-21Is62:10-12,63:1-4<br>Gal4:12-20<br>Lk19:28-40 | **11**<br>Rom11:17-24<br>Lk19:41-48 | **12**<br>Heb13:10-16<br>Lk20:9-19 | **13**<br>2Cor5:1-10<br>Jn12:20-36 | **14**<br>Ex12:1-14,21-28<br>Ezek 45:18-25<br>1Cor 5:6-8,11:23-30<br>Lk22:7-13Jn13:1-15<br>Lk22:15-21 | **15**<br>Gen22:1-19<br>Is53:1-12<br>Acts8:26-39<br>Jn19:23-42 | **16**<br>Deut34:1-9<br>Jonah1:1-17<br>Heb6:1-8<br>Mt27:62-66 |
| **17**<br>Ezek 37:1-10<br>Jonah2:1-10<br>Acts2:22-28<br>Jn20:1-10 | **18**<br>1Cor15:23-28<br>Jn20:11-23 | **19**<br>Col1:15-22<br>Jn14:25-31 | **20**<br>Rev9:1-15<br>Lk24:13-35 | **21**<br>Rev1:10-18<br>Lk24:36-43 | **22**<br>Dan3:14-28<br>Acts6:8-15,7:54-60<br>Heb11:1-6,32-39<br>Lk12:1-9 | **23**<br>2Cor6:4-10<br>Mt16:21-27 |
| **24**<br>Lev26:1-13<br>Is44:1-8<br>1Jn1:1-4<br>Jn20:24-31 | **25**<br>Heb10:19-25<br>Mt8:1-4 | **26**<br>Rom3:27-31<br>Mt 8:5-13 | **27**<br>Rom4:13-25<br>Mt9:18-26 | **28**<br>1Cor13:1-8<br>Mt18:21-35 | **29**<br>Rom5:1-5<br>Mt15:21-2829<br>1Jn1:5-2:2<br>Mt11:25-30 | **30**<br>Gal2:15-21<br>Jn9:35-41 |

**K.J GEORGE**
Cell: 9865259919

*Nirmala*
**MATHA**
**CHITS (TAMIL NADU) PVT.LTD**
0422 6506785
0422 2536785

**A.G. VARGHESE**

Phone : 0422-5514235
Mobile : 98422 18161

# ATHANIKKAL ENGINEERING

Manufactures of : M.V. Panel Boards, Changeovar Panel Boards
Sub Switch Boards, Motor Control Centres, Bus Ducts,
Generator Centrol Panel Boards, All Taxtile Control Panel Boards,
AMF Control Panels

No. 13, Industrial Estate (Near Gem), Ganapathy, Coimbatore - 641 006.

# Divine

## Digital Diagnostics

(Centre for Accurate Clinical & Medical Investigations)

ISO 9001: 2015 Certified & AERB Govt. of India Approved Unit

டிவைன் இரத்தப் பரிசோதனை நிலையம்

☎ 0422-2523645
94439 13645
94893 63377







**DIGITAL X-RAY, LAB & ECG**

WORKING HOURS: 7-AM TO 9-PM
SUNDAY 7-AM TO 1-PM

## MASTER HEALTH CHECKUP 50% OFF

* HAEMATOLOGY * SEROLOGY * BIO CHEMISTRY * HORMONES * CLINICAL PATHOLOGY
*IMMUNOLOGY * ECG * MICROBIOLOGY * DIGITAL X-RAY (500MA) *MASTER HEALTH CHECKUP

Head office : 343, 3rd Street Exten., Gandhipuram Coimbatore-641012
Branch Office : 84, Amara Jeevanantham Road, Rathinapuri Coimbatore-641027
divinediagnoscbe@gmail.com

P.J. VARGHESE (JOBI)

✆ : 0422-2494007
98432 96007

# JOSE AUTOMOBILES

**MULTIBRAND FOUR WHEELER SERVICE**

MECHANICAL, TINKERING, PAINTING, ELECTRICAL, UPHOLSTRY, ACCESSORIES
A/C, WATER SERVICE, INTERIOR CLEANING, INTERIOR ENRICHMENT

# JB CABS

*Tours & Travel Operator*

***A/c Cars & Vans Available for Rent***
***Innova, Etios, Swift, Tempo Traveller, Swaraj Mazda***

**205-A, 11th STREET, GANDHIPURAM, COIMBATORE - 12**